സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ
Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 സെപ്റ്റംബർ 08 വെള്ളി
ptnizar@rediffmail.com 9037319971
www.peoplesreview.co.in
PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# ചാണ്ടി ഉമ്മൻ പുതുപ്പള്ളിയുടെ നായകൻ

പുതുപ്പള്ളി: ഉമ്മൻ ചാണ്ടി പ്രഭാവം കളം നിറഞ്ഞ പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ ചാണ്ടി ഉമ്മൻ പുതുപ്പള്ളിയുടെ പുതിയ നായകൻ. വോട്ടെണ്ണലിന്റെ തുടക്കം മുതൽ എതിരാളികളില്ലാതെ ചാണ്ടി ഉമ്മൻ കളം നിറയുന്ന കാഴ്ചയാണ് കേരളം ഇന്ന് കണ്ടത്. അര നൂറ്റാണ്ടിലധികം കാലം മണ്ഡലത്തിനൊപ്പം നിന്ന പ്രിയ നേതാവ് ഉമ്മൻ ചാണ്ടിയോടുള്ള ആദരം തന്നെയാണ് ചാണ്ടി ഉമ്മന്റെ ഈ ചരിത്ര വിജയം. തോൽവി നേരത്തെ പ്രതീക്ഷിച്ചിരുന്നെങ്കിലും എൽ.ഡി.എഫ് സർക്കാരിന് കനത്ത തിരിച്ചടിയാണ് ഈ റെക്കോർഡ് വിജയം. വാശിയേറിയ തെരഞ്ഞെടുപ്പിൽ ചാണ്ടി ഉമ്മൻ 37719 വോട്ടിന്റെ ലീഡാണ് നേടിയത്.ഉപതെരഞ്ഞെടുപ്പ് നടന്ന പുതുപ്പള്ളി മണ്ഡലത്തിൽ സർവകാല റെക്കോർഡ് നേടി യു.ഡി.എഫ് കുതിക്കുമ്പോൾ നാണംകെട്ട തോൽവിയാണ് എൽ.ഡി.എഫിന് ഉണ്ടായത്. ശക്തികേന്ദ്രങ്ങളിൽ പോലും പ്രതീക്ഷിച്ച വോട്ടുകൾ നേടാൻ എൽ.ഡി.എഫ് സ്ഥാനാർഥി ജയ്ക് സി. തോമസിനായില്ല. എൽ.ഡി.എഫ് ഭരണമുള്ള മണ്ഡലത്തിലെ പഞ്ചായത്തുകളെല്ലാം യു.ഡി.എഫ് തൂത്തുവാരി. എൽ.ഡി.എഫ് ഭരണത്തിലുള്ള പുതുപ്പള്ളി, മണർകാട്, പാമ്പാടി, വാകത്താനം, അകലക്കുന്നം, കൂരോപ്പട എന്നീ ആറു പഞ്ചായത്തുകളിലും ചാണ്ടി ഉമ്മൻ വ്യക്തമായ ലീഡ് നേടി.മണ്ഡലത്തിൽ ആകെ ഒരു ബൂത്തിൽ മാത്രമാണ് ജെയ്ക് സി. തോമസിന് ലീഡ് നേടിയത്. മീനടം ഗ്രാമപഞ്ചായത്തിലെ 153-ാം ബൂത്തിൽ മാത്രമാണ് ജെയ്ക് ലീഡ് നേടിയത്. 165 വോട്ടിൻറെ ലീഡാണ് ജെയ്ക് ഇവിടെ നേടിയത്. അതേ സമയം സ്വന്തം വീടിരിക്കുന്ന ബൂത്തിൽ ഉൾപ്പെടെ മണ്ഡലത്തിൽ മറ്റെവിടെയും ജെയ്കിന് ലീഡ് നേടാനായില്ല. മന്ത്രി വി.എൻ വാസവൻറെ ബൂത്തിലും ജെയ്ക് പിന്നിലായി. വി.എൻ വാസവൻറെ ബൂത്തിൽ 241 വോട്ട് മാത്രമാണ് ജെയ്കിന് ലഭിച്ചത്.പുതുപ്പള്ളിയിൽ 13 റൗണ്ടുകളായാണ് വോട്ടെണ്ണൽ നടന്നത്. എല്ലാ റൗണ്ടിലും ചാണ്ടി ഉമ്മന്റെ സർവാധിപത്യമാണ് കണ്ടത്. ഓരോ റൗണ്ടിലും രണ്ടായിരത്തിലധികം വോട്ടിൻറെ ഭൂരിപക്ഷം നേടിയാണ് ചാണ്ടി ഉമ്മന്റെ വിജയം.ആദ്യ റൗണ്ടിൽ ലീഡ് -2816, രണ്ടാം റൗണ്ടിൽ ലീഡ് -2671, മൂന്നാം റൗണ്ടിൽ ലീഡ് -2911, നാലാം റൗണ്ടിൽ ലീഡ് -2962, അഞ്ചാം റൗണ്ടിൽ ലീഡ് -2989, ആറാം റൗണ്ടിൽ ലീഡ് -2515, ഏഴാം റൗണ്ടിൽ ലീഡ് -2767, എട്ടാം റൗണ്ടിൽ ലീഡ് -2949, ഒമ്പതാം റൗണ്ടിൽ ലീഡ് -2806, പത്താം റൗണ്ടിൽ ലീഡ് -3133 എന്നിങ്ങനെയാണ് ലീഡ് നില.





പിസി വിഷ്ണുനാഥ് ചാണ്ടി ഉമ്മന് മധുരം നൽകുന്നു

## 'ഇതുപോലെ ജ്വലിക്കാൻ കഴിയുന്നതാണ് കരുത്ത്': കെ സുധാകരൻ

കോട്ടയം: 'സ്നേഹം', വെറുപ്പിന്റെ അടിവേര് അറുക്കുന്ന കാഴ്ചയാണ് കേരളം കാണുന്നതെന്ന്, പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പു ഫലത്തിനു പിന്നാലെ കെപിസിസി പ്രസിഡന്റ് കെ സുധാകരൻ.

കൊടി സുനിമാരെ കൂലിക്കെടുത്ത് പാതിരാത്രി നിരായുധരെ കൊന്നൊടുക്കുന്നതിന്റെ പേരല്ല കരുത്ത്, മണ്ണോടടിഞ്ഞാലും, മനുഷ്യരുടെ ഹൃദയത്തിൽ ഇതുപോലെ ജ്വലിക്കാൻ കഴിയുന്നതാണ് യഥാർത്ഥ ശക്തിയെന്ന് സുധാകരൻ ഫെയ്സ്ബുക്കിൽ കുറിച്ചു.സ്വന്തം അണികളെ പോലും കൊന്നൊടുക്കി, മക്കൾക്ക് വേണ്ടി നാട് കട്ടുമുടിച്ച്, കൂടെയുള്ള അടിമകളെ കൊണ്ട് അതിനെയും ന്യായീകരിപ്പിച്ച് ജീവിക്കുന്ന പൊളിറ്റിക്കൽ ക്രിമിനലുകൾക്കും, 'സ്നേഹത്തിന്റെ' ശക്തി മനസ്സിലാക്കി കൊടുത്ത തിരഞ്ഞെടുപ്പാണിത്.

പിതാവ് നടന്ന വഴിയേ തന്നെ പോകാനുള്ള എല്ലാ വിധ സവിശേഷതകളും ഉള്ളൊരു ചെറുപ്പക്കാരനാണ് ചാണ്ടി ഉമ്മൻ. ഏത് രാഷ്ട്രീയ പ്രസ്ഥാനത്തിലും പ്രവർത്തിക്കുന്ന, ഏതൊരു വ്യക്തിക്കും, എപ്പോഴും സമീപിക്കാവുന്ന എംഎൽഎ ആയിരിക്കും ചാണ്ടി ഉമ്മൻ എന്ന് ഉറപ്പ് തരുന്നു.കമ്മ്യൂണിസമെന്ന പൈശാചികതയെ, കോൺഗ്രസിന്റെ നന്മയുടെ രാഷ്ട്രീയമുപയോഗിച്ച് ഒറ്റക്കെട്ടായി ജനങ്ങൾ നേരിട്ടു. നാട് ജയിച്ചു. പുതുപ്പള്ളി തിരികൊളുത്തിയ നന്മയുടെ രാഷ്ട്രീയം കേരളം മുഴുവൻ കോൺഗ്രസ് ആളിപ്പടർത്തും.

വെറുപ്പിന്റെ രാഷ്ട്രീയത്തെ കേരളത്തിന്റെ മണ്ണിൽ നിന്ന് തുടച്ചു നീക്കുമെന്ന് ജനങ്ങൾക്ക് വാക്ക് തരുന്നുവെന്നും സുധാകരൻ പറഞ്ഞു.

## 'ഇത് അപ്പയുടെ പതിമൂന്നാം വിജയം; മനസ്സിൽ കണ്ട ചിത്രം പൂർത്തിയായി'

കോട്ടയം: ഉപതെരഞ്ഞെടുപ്പിലെ വിജയം ഉമ്മൻ ചാണ്ടിയുടെ പതിമൂന്നാം വിജയമെന്ന് ചാണ്ടി ഉമ്മൻ. അപ്പയെ സ്നഹേിച്ച എല്ലാ പുതുപ്പള്ളിക്കാരുടെയും വിജയമാണിതെന്ന് ഫലം വന്നതിനു പിന്നാലെ ചാണ്ടി ഉമ്മൻ പ്രതികരിച്ചു. വിജയത്തിന് എല്ലാ പുതുപ്പള്ളിക്കാരോടും യുഡിഎഫ് നേതാക്കളോടും നന്ദി പറയുന്നതായി ചാണ്ടി ഉമ്മൻ പറഞ്ഞു.

പുതുപ്പള്ളിക്കാർ തന്നിൽ അർപ്പിച്ച വിശ്വാസത്തിന് ഒരിക്കലും ഭംഗം വരുത്തില്ല. വികസനത്തുടർച്ചയ്ക്കാണ് പുതുപ്പള്ളി വോട്ടു ചെയ്തത്. വികസനവും കരുതലുമായി അപ്പ 54 വർഷക്കാലം ഇവിടെയുണ്ടായിരുന്നു. അതിന്റെ തുടർച്ചയായി വരും ദിനങ്ങളിൽ താനുണ്ടാവും. തെരഞ്ഞെടുപ്പു കഴിഞ്ഞു. തനിക്ക് വോട്ട് ചെയ്തവരും ചെയ്യാത്തവരും ഇനി തന്നെ സംബന്ധിച്ച് ഒരുപോലെയാണ്. പുതുപ്പള്ളിയുടെ വികസനത്തിനായി ഇനി ഒറ്റക്കെട്ടായി പ്രവർത്തിക്കാം. കഴിഞ്ഞ വർഷങ്ങളിൽ ഏതൊരാളുടെയും കൈയെത്തും ദൂരത്ത് ഉമ്മൻ ചാണ്ടി ഉണ്ടായിരുന്നു. അതുപോലെ തന്നെ താനും ഇനി പുതുപ്പള്ളിയുടെ കൈയെത്തും ദൂരത്തുണ്ടാവും. അതിനു പാർട്ടിയോ ജാതിയോ മതമോ ഒന്നും പ്രശ്നമാവില്ലെന്ന് ചാണ്ടി ഉമ്മൻ പറഞ്ഞു.

രാഷ്ട്രീയത്തിന് അപ്പുറമുള്ള പിന്തുണയാണ് പ്രചാരണത്തിൽ തനിക്കു ലഭിച്ചത്. അപ്പ ഈ നാട്ടിലെ ഓരോ വീട്ടിലെയും സഹോദരനും മകനുമൊക്കെയായിരുന്നു. കുടുംബാംഗത്തോടുള്ള സ്നേഹമാണ് തനിക്കു ലഭിച്ചത്. അതുകൊണ്ടുതന്നെ പ്രതീക്ഷിച്ച വിജയമാണിത്. മനസ്സിൽ കണ്ട ചിത്രമാണ് ഇപ്പോൾ പൂർത്തിയാക്കപ്പെട്ടിരിക്കുന്നത്.

ഉമ്മൻ ചാണ്ടിയുടെ പിൻഗാമി എന്ന നിലയിൽ വലിയ പ്രതീക്ഷയാണ് ജനങ്ങൾക്കുണ്ടാവുക. അതൊരു വലിയ ഉത്തരവാദിത്വമാണ്. അതിൽനിന്ന് ഒരുകാരണവശാലും ഒഴിഞ്ഞുമാറില്ല.

ഇന്നലെ മുതൽ മണ്ഡലത്തിൽ സിപിഎമ്മിന്റെ നേതൃത്വത്തിൽ അക്രമം അഴിച്ചുവിട്ടിരിക്കുകയാണ്. ഇത് അംഗീകരിക്കാനാവില്ല. പ്രവർത്തകരെ എന്തു വില കൊടുത്തും സംരക്ഷിക്കുമെന്ന് ചാണ്ടി ഉമ്മൻ പറഞ്ഞു.

## യു.ഡി.എഫ് വിജയ കാരണം സഹതാപം: എം വി ഗോവിന്ദൻ

കോട്ടയം: പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ ചിത്രത്തിലില്ലാതെ ബി.ജെ.പി സ്ഥാനാർത്ഥി ലിജിൻ ലാൽ. തുടക്കം മുതൽ തന്നെ പിന്നിലായിപ്പോയ ബി.ജെ.പി ആയിരം വോട്ടു കടക്കാൻ ഒന്നര മണിക്കൂർ കാക്കേണ്ടി വന്നു. പോസ്റ്റൽ വോട്ടുകൂടാതെ 6447 വോട്ടാണ് ലിജിൻ ലാലിന് കിട്ടിയത്.

കഴിഞ്ഞ തവണ മത്സരിച്ച എൻ.ഡി.എ സ്ഥാനാർത്ഥി എൻ ഹരിക്ക് 11694 വോട്ടാണ് കിട്ടിയിരുന്നത്. ഇത്തവണ അഞ്ചു ശതമാനം വോട്ടിൻറെ കുറവാണ് എൻ.ഡി.എയ്ക്ക് ഉണ്ടായിട്ടുള്ളത്. യു.ഡി.എഫ്, എൽ.ഡി.എഫ് മുന്നണികളെ പോലെ തന്നെ ഇത്തവണ കാടടച്ച പ്രചാരണമാണ് ബി.ജെ.പിയും നടത്തിയിരുന്നത്. എന്നാൽ ചാണ്ടി ഉമ്മൻറെ തേരോട്ടത്തിനിടയിൽ ബി.ജെ.പി കോട്ടയം ജില്ലാ അധ്യക്ഷൻ കൂടിയായ ലിജിൻ ലാൽ പൂർണമായും അപ്രസക്തനായി.അതിനിടെ, ബി.ജെ.പിയുടെ വോട്ടുവാങ്ങിയാണ് കോൺഗ്രസ് ജയിച്ചതെന്ന് സി.പി.എം ആരോപിച്ചു. ബി.ജെ.പി വോട്ട് യു.ഡി.എഫ് വാങ്ങിയതായി സംശയിക്കുന്നുണ്ടെന്ന് നേരത്തെ സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ ആരോപിച്ചിരുന്നു. ബി.ജെ.പി പെട്ടി കാലിയാണ്, ആ വോട്ട് എങ്ങോട്ട് പോയി എന്നാലോചിക്കണമെന്ന് പാർട്ടി നേതാവ് ഇ.പി ജയരാജനും പ്രതികരിച്ചിരുന്നു.

## വിജയത്തിന് പിന്നിൽ സഹതാപവും ഭരണവിരുദ്ധവികാരവും: കെ സുരേന്ദ്രൻ

തിരുവനന്തപുരം: പുതുപ്പള്ളിയിൽ യുഡിഎഫ് വിജയത്തിന്റെ പ്രധാന ഘടകം സഹതാപ തരംഗമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. ഭരണ വിരുദ്ധ തരംഗമടക്കം പ്രതിഫലിച്ചു. തെരഞ്ഞെടുപ്പ് ഫലം താത്കാലികം മാത്രമാണ്. അസാധാരണ വിധി എഴുത്തായി വിലയിരുത്തേണ്ടതില്ലെന്നും കെ സുരേന്ദ്രൻ പറഞ്ഞു. ബിജെപി വോട്ട് യുഡിഎഫിന് കിട്ടി എന്ന എംവി ഗോവിന്ദന്റെ ആരോപണത്തിനും സുരേന്ദ്രൻ മറുപടി പറഞ്ഞു. സർക്കസിലെ കോമാളികൾ പോലും ഇത്തരം തമാശ പറയില്ല. വിഡ്ഢിത്തം ജനങ്ങൾക്ക് മനസ്സിലാകും. വോട്ട് കുറഞ്ഞിൽ സംഘടനാപരമായ വീഴ്ച എന്തെങ്കിലും ഉണ്ടോ എന്നത് അടക്കം പരിശോധിക്കും. വോട്ട് കുറഞ്ഞതിന് മറ്റുള്ളവരെ പഴിക്കുന്ന നിലപാട് വാസവനും ഗോവിന്ദനും ഉള്ളതെന്നും സുരേന്ദ്രൻ പറഞ്ഞു.പുതുപ്പള്ളിയെ 53 വർഷം നിയമസഭയിൽ പ്രതിനിധീകരിച്ച ഉമ്മൻ ചാണ്ടിയുടെ റെക്കോർഡ് ഭൂരിപക്ഷവും മറികടന്നാണ് ചാണ്ടി ഉമ്മൻറെ ജയം. ഉമ്മൻ ചാണ്ടിയെ കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ വിറപ്പിച്ച ജെയ്ക്ക് സി തോമസിനെ ചാണ്ടി ഉമ്മൻ ബഹുദൂരം പിന്നിലാക്കി. 2011 തെരഞ്ഞെടുപ്പിൽ സിപിഎമ്മിൻറെ സുജ സൂസൻ ജോർജിനെതിരെ 33255 വോട്ടുകളുടെ ഭൂരിപക്ഷത്തിന് ജയിച്ചതാണ് മത്സരിച്ച 12 തെരഞ്ഞെടുപ്പുകളിൽ മണ്ഡലത്തിൽ ഉമ്മൻ ചാണ്ടിയുടെ ഉയർന്ന ഭൂരിപക്ഷം. 2021ൽ ഉമ്മൻചാണ്ടിക്ക് 9044 വോട്ടിൻറെ ഭൂരിപക്ഷം നൽകിയാണ് പുതുപ്പള്ളി നിയമസഭയിലേക്ക് ടിക്കറ്റ് നൽകിയത്. കേരള രാഷ്ട്രീയത്തിലെ അതികായനായ ഉമ്മൻചാണ്ടി കിതച്ച 2021ൽ നിന്ന് 2023ൽ എത്തുമ്പോൾ ചാണ്ടി ഉമ്മൻ തുടക്കം മുതൽ വ്യക്തമായ ലീഡ് നേടിയിരുന്നു. ഒരു ഘട്ടത്തിൽ പോലും ചാണ്ടിയെ മുന്നേറാൻ ജെയ്ക് സി തോമസിനായില്ല.

## ജി 20 ഉച്ചകോടി നാളെ ആരംഭിക്കും; ജോ ബൈഡൻ മോദി കൂടിക്കാഴ്ച ഇന്ന്

ന്യൂഡൽഹി: ഇന്ത്യ അധ്യക്ഷത വഹിക്കുന്ന 18-ാം മത് ജി 20 ഉച്ചകോടി നാളെ ആരംഭിക്കും. ഡൽഹിയിലെ പ്രഗതി മൈതാനത്തിൽ പണിതുയർത്തിയ ഭാരത് മണ്ഡപത്തിൽ ശനി, ഞായർ ദിവസങ്ങളിൽ നടക്കുന്ന ഉച്ചകോടിയിൽ 20 അംഗരാജ്യങ്ങൾ, ക്ഷണിതാക്കളായ എട്ട് രാജ്യങ്ങൾ, 14 ലോകസംഘടനകൾ എന്നിവയുടെ മേധാവികൾ പങ്കെടുക്കും.യോഗത്തിൽ പങ്കെടുക്കാൻ യുഎസ് പ്രസിഡന്റെ ജോ ബൈഡൻ ഇന്ന് ന്യൂഡൽഹിയിൽ എത്തും. തുടർന്ന് ഹൈദരാബാദ് ഹൗസിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും. ചെറുകിട മോഡുലാർ ആണവ റിയാക്ടറുകൾക്കായി ധാരണാപത്രം, ഇന്ത്യൻ വിദ്യാർഥികൾക്ക് അക്കാദമിക് പ്രോഗ്രാം, ഡ്രോണുകൾ, ജെറ്റ് എൻജിനുകൾ എന്നിവ വാങ്ങുന്നതിനുള്ള ഇടപാടുകൾ, യുക്രൈനിന് സംയുക്ത സഹായം, ഇന്ത്യക്കാർക്കായി ഉദാരമായ വിസ നയം, ഇരുരാജ്യങ്ങളിലും പുതിയ കോൺസുലേറ്റുകൾ തുടങ്ങിയ വിഷയങ്ങളാണ് മേശപ്പുറത്തുള്ളത്. പ്രധാന ഉച്ചകോടിക്കു പുറമേ ആഗോള അടിസ്ഥാനസൗകര്യം, നിക്ഷേപം എന്നിവ സംബന്ധിച്ച യോഗത്തിലും ബൈഡൻ പങ്കെടുക്കും.

ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് റമാഫോസയാണ് ആദ്യം എത്തിയത്. വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒരുമണിയോടെ ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെെഖ് ഹസീന എത്തും. റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുതിൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് എന്നിവർ ഉച്ചകോടിയിൽ പങ്കെടുക്കുന്നില്ല. പകരം റഷ്യൻ വിദേശകാര്യമന്ത്രി സെർജി ലവ്റോവും ചൈനീസ് പ്രധാനമന്ത്രി ലി ചിയാങ്ങും എത്തും. ശനിയാഴ്ച വിശിഷ്ടാതിഥികൾക്കായി രാഷ്ട്രപതി ദ്രൗപദി മുർമു അത്താഴവിരുന്ന് നൽകും. ഉച്ചകോടിയിൽ ചർച്ചചെയ്യുന്ന ആഗോള സാമ്പത്തികാവസ്ഥ, കാലാവസ്ഥാ വ്യതിയാനം, കോവിഡ് ആഘാതം, ഭക്ഷ്യവിതരണ ശൃംഖല തുടങ്ങിയ വിഷയങ്ങളിൽ സമീപനം വ്യക്തമാക്കി ഞായറാഴ്ച നേതാക്കൾ സംയുക്തപ്രസ്താവന പുറപ്പെടുവിക്കും. ഞായറാഴ്ച രാവിലെ ജി-20 നേതാക്കൾ രാജ്ഘട്ടിലെ മഹാത്മാഗാന്ധി സമാധിയും സന്ദർശിക്കും. വെള്ളിയാഴ്ച മുതൽ തിങ്കളാഴ്ച വരെ ഡൽഹിയിൽ കനത്ത സുരക്ഷയാണ് ഒരുക്കിയിരിക്കുന്നത്. സെപ്റ്റംബർ 10ന് 100 പാസഞ്ചർ ട്രെയിനുകളാണ് റദ്ദാക്കിയത്. ജി 20 ഉച്ചകോടി നടക്കുന്നത് കണക്കിലെടുത്ത് സെപ്റ്റംബർ എട്ട് മുതൽ 10 വരെ ഡൽഹിയിൽ പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

എല്ലാ സർക്കാർ, മുനിസിപ്പൽ കോർപ്പറേഷൻ, സ്വകാര്യ ഓഫീസുകളും സ്കൂളുകളും അടച്ചിടും. ബാങ്ക് അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങളും കടകളും ഈ മൂന്ന് ദിവസങ്ങളിൽ പ്രവർത്തിക്കില്ല. ഗതാഗത കുരുക്കും സാങ്കേതിക വെല്ലുവിളികളും ഒഴിവാക്കുക ലക്ഷ്യമിട്ടാണ് പൊതു അവധി നൽകിയത്.

## ജനവിധി സ്വാഗതം ചെയ്യുന്നു: ജെയക്ക്



പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ ബിജെപിയുടെ വോട്ട് വിഹിതം 50 ശതമാനം വരെ ഇടിഞ്ഞതായി എൽഡിഎഫ് സ്ഥാനാർഥി ജെയ്ക് സി തോമസ്. 2019ൽ 20,911 വോട്ടുകളാണ് ബിജെപിക്ക് ഉണ്ടായത്. 2011ൽ ഇത് നേർ പകുതിയായി. 2011ൽ 11,694 വോട്ടുകളാണ് ബിജെപി പിടിച്ചത്. 2023ൽ വീണ്ടും കുറഞ്ഞ് 6486 ആയി. ബിജെപിയുടെ വോട്ട് ആര് ചെയ്തു?, ബിജെപിയുടെ വോട്ട ആർക്ക് പോയി? ബിജെപിയുടെ വോട്ടുകൾ കൂപ്പുകുത്തിയത് എങ്ങോട്ട് എന്നും ജെയ്ക് സി തോമസ് ചോദിച്ചു. ഉപതെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതിന് പിന്നാലെ മാധ്യമങ്ങളെ കാണുകയായിരുന്നു ജെയ്ക് സി തോമസ്.കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഇക്കാര്യം പറയുന്നതെന്നും ജെയ്ക് സി തോമസ് പറഞ്ഞു. തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയ അന്തസ്സിനെ കെടുത്തുന്ന ഒന്നും സിപിഎമ്മിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. സ്ഥാനാർഥിത്വം പ്രഖ്യാപിച്ച അന്നുമുതൽ മുന്നോട്ടുവച്ചത് പുതുപ്പള്ളിയുടെ ജീവിത പ്രശ്നങ്ങളും വികസനാനുഭവങ്ങളുമാണ്. സ്നേഹ സമ്പൂർണമായ ഒരു സംവാദത്തിന് വേണ്ടിയാണ് എൽഡിഎഫ് ഉടനീളം ശ്രമിച്ചത്. അതോടൊപ്പം സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. മുഖ്യമന്ത്രി അടക്കമുള്ളവർ പ്രചാരണത്തിന് വന്നു. ഇത് മുതൽക്കൂട്ടായാണ് കണ്ടത്. തോൽവിയെ സംബന്ധിച്ച് ഏകപക്ഷീയമായി തീർപ്പു കൽപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. അതെല്ലാം യുക്തിയോടെ ചിന്തിക്കുന്നവർക്ക് മനസിലാകും. ഇനിയും പുതുപ്പള്ളിയുടെ ജീവിത പ്രശ്നങ്ങളും വികസനാനുഭവങ്ങളും ഉയർത്തിക്കാട്ടി മുന്നോട്ടുപോകും- ജെയ്ക് സി തോമസ് പറഞ്ഞു. ജനവിധിയെ സ്വാഗതം ചെയ്യുന്നു. ഇടത് വോട്ടുകൾ മുഴുവൻ കിട്ടിയില്ലെന്ന് പറയാനില്ല. പ്രചാരണത്തിൽ പാളിച്ച ഉണ്ടായിട്ടില്ലെന്നും ജെയ്ക് പറഞ്ഞു

## ആൾമാറാട്ടം; 11 പ്രവാസികൾക്ക് ഏഴ് വർഷം തടവ് വിധിച്ച് സൗദി

റിയാദ്: ബാങ്ക് ജീവനക്കാരായി ആൾമാറാട്ടം നടത്തി സാമ്പത്തിക തട്ടിപ്പ് നടത്തിയ 11 പ്രവാസികൾക്ക് ശിക്ഷ വിധിച്ച് സൗദി അറേബ്യ. ഏഷ്യൻ വംശജരായ 11 പേർക്ക് കോടതി ഏഴ് വർഷം വീതം തടവ് ശിക്ഷ വിധിച്ചു. ജയിൽ ശിക്ഷയ്ക്ക് ശേഷം ഇവരെ നാടുകടത്തും.

പബ്ലിക് പ്രോസിക്യൂഷനിലെ സാമ്പത്തിക തട്ടിപ്പ് വിഭാഗം നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്. വ്യാജ എസ്.എം.എസ് വഴിയാണ് ഇവർ തട്ടിപ്പ് നടത്തിയിരുന്നത്. ബാങ്കിൽ നിന്നെന്ന വ്യാജേന വാചക സന്ദേശങ്ങൾ അയച്ച് ഇരകളുടെ വിവരങ്ങൾ ശേഖരിച്ചാണ് തട്ടിപ്പ് നടത്തിയിരുന്നത്. രഹസ്യ ബാങ്ക് ഡാറ്റ അപ്ഡേറ്റ് ചെയ്യാൻ ആവശ്യപ്പെട്ടാണ് വിവരങ്ങൾ തട്ടിയെടുത്തത്.

## ആരുമായും ചങ്ങാത്തമില്ല, പീഡനക്കേസ്: ക്രിസ്റ്റിൽരാജ് കൊടും ക്രിമിനൽ

കൊച്ചി: ആലുവയിൽ ഉറങ്ങിക്കിടന്ന കുട്ടിയെ തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്ത കേസിലെ പ്രതിയുടെ അറസ്റ്റ് പെരിയാർ പാലത്തിന് താഴെനിന്ന്. തിരുവനന്തപുരം പാറശാല ചെങ്കൽ വ്ളാത്താങ്കര സ്വദേശി ക്രിസ്റ്റിനാണ്(36) പിടിയിലായത്.

ഇയാൾ സ്ഥിരം കുറ്റവാളിയാണ്. അടുത്തിടെയാണ് ജയിലിൽ നിന്നിറങ്ങിയത്. സംശയാസ്പദമായി ആലുവ പാലത്തിന് താഴെ ഒളിച്ചിരിക്കുന്നതായി നാട്ടുകാരാണ് പൊലീസിന് വിവരം നൽകിയത്. പൊലീസ് എത്തിയപ്പോൾ പ്രതി പെരിയാറിലേക്ക് ചാടിയെങ്കിലും പിടികൂടുകയായിരുന്നു.

2022ൽ പെരുമ്പാവൂരിൽ നടന്ന മോഷണക്കേസിലെ പ്രതിയാണ്. ഇയാൾ ശിക്ഷ കഴിഞ്ഞ് വിയ്യൂർ ജയിലിൽ നിന്ന് ഓഗസ്റ്റ് 10നാണ് പുറത്തിറങ്ങിയത്. 2017ൽ വയോധികയെ പീഡിപ്പിച്ച കേസിൽ പ്രതിയായതോടെയാണ് ഇയാൾ നാട്ടിൽനിന്ന് മുങ്ങിയത്. ഇയാൾ നാട്ടിൽ വന്നിട്ട് ഒന്നര വർഷത്തിലേറെയായതായി നാട്ടുകാർ പറയുന്നു. മൃഗങ്ങളെ ഉപദ്രവിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ടെന്ന് നാട്ടുകാർ പറയുന്നു.കുട്ടിക്കാലം മുതലേ മോഷണക്കേസുകളിൽ പ്രതിയായി. ഇലക്ട്രോണിക് സാധനങ്ങളും മൊബൈലും മോഷ്ടിച്ചായിരുന്നു തുടക്കം. നാട്ടിൽ ആരുമായും ചങ്ങാത്തമില്ല. വീട്ടുകാരുമായും അടുപ്പം കാണിക്കാറില്ല. ലഹരിമരുന്നിന് അടിമയാണെന്ന് നാട്ടുകാർ പറയുന്നു. കോടതിയിൽ ഹാജരാക്കാൻ കൊണ്ടുപോകുമ്പോൾ വിലങ്ങൂരി രക്ഷപ്പെട്ട സംഭവവും ഉണ്ടായിട്ടുണ്ട്. പകൽ പുറത്തിറങ്ങാറില്ല. രാത്രിയിലാണ് സഞ്ചാരം. ആലുവ ചാത്തൻപുറത്താണ് അതിഥി തൊഴിലാളികളുടെ മകളായ എട്ടു വയസ്സുകാരി ലൈംഗിക പീഡനത്തിന് ഇരയായത്.

## തമിഴ് നടനും സംവിധായകനുമായ ജി. മാരിമുത്തു അന്തരിച്ചു

ചെന്നൈ: പ്രശസ്ത തമിഴ് നടനും സംവിധായകനുമായ ജി.മാരിമുത്തു (58) അന്തരിച്ചു. വെള്ളിയാഴ്ച രാവിലെ 8.30ന് 'എതിർനീച്ചാൽ' എന്ന ടെലിവിഷൻ ഷോയുടെ ഡബ്ബിംഗിനിടെ കുഴഞ്ഞുവീഴുകയായിരുന്നു. ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു. രജനീകാന്ത് നായകനായ സൂപ്പർഹിറ്റ് ചിത്രം ജയലറിലാണ് മാരിമുത്ത് ഒടുവിൽ അഭിനയിച്ചത്. അദ്ദേഹത്തിൻറെ അപ്രതീക്ഷിത വിയോഗം തമിഴ് സിനിമാലോകത്തെയാകെ ഞെട്ടലിലാഴ്ത്തിയിരിക്കുകയാണ്.സഹപ്രവർത്തകനായ കമലേഷിനൊപ്പം ചെന്നൈയിലെ സ്റ്റുഡിയോയിൽ ഡബ്ബ് ചെയ്യുന്നതിനിടെ കുഴഞ്ഞുവീഴുകയായിരുന്നു. ഉടൻ തന്നെ വടപളനിയിലുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും ഡോക്ടർമാർ മരിച്ചതായി സ്ഥിരീകരിച്ചു. മൃതദേഹം ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. പൊതുദർശനത്തിനായി ചെന്നൈയിലെ വസതിയിലേക്ക് മാറ്റും. തുടർന്ന് ഇന്നു തന്നെ മൃതദേഹം ജന്മനാടായ തേനിയിലേക്ക് കൊണ്ടുപോകും, ??അവിടെ സംസ്കാര ചടങ്ങുകൾ നടക്കും. മാരിമുത്തുവിൻറെ മരണവാർത്ത അറിഞ്ഞതോടെ ആശുപത്രിയിലേക്ക് സഹപ്രവർത്തകരുടെ ഒഴുക്കാണ്.
2008ൽ കണ്ണും കണ്ണും എന്ന ചിത്രം സംവിധാനം ചെയ്തുകൊണ്ടാണ് സിനിമയിലെത്തുന്നത്.



## മലയാളി യുവാവിനെ കൊലപ്പെടുത്തിയ കേസ്;ഒപ്പം താമസിച്ചിരുന്ന കർണാടക സ്വദേശിനി അറസ്റ്റിൽ

ബെംഗളൂരു;ഒപ്പം താമസിച്ചിരുന്ന മലയാളി യുവാവിനെ തർക്കത്തെ തുടർന്ന് കുത്തിക്കൊലപ്പെടുത്തിയ കേസിൽ യുവതി അറസ്റ്റിൽ. കർണാടകയിലെ ബെലഗാവി സ്വദേശിനിയായ രേണുക എന്ന യുവതിയെയാണ് പൊലിസ് പിടികൂടിയത്. കണ്ണൂർ സ്വദേശിയായ ജാവേദ് എന്ന യുവാവാണ് കൊല്ലപ്പെട്ടത്.ഇരുവരും കഴിഞ്ഞ മൂന്നര വർഷമായി ഒരുമിച്ച് കഴിയുകയായിരുന്നു. വാടക വീട്, ലോഡ്ജ്, സർവീസ് അപ്പാർട്ട്മെന്റുകൾ എന്നിവിടങ്ങളിലാണ് താമസിച്ചിരുന്നത്. രണ്ടാളും തമ്മിൽ തർക്കം പതിവായിരുന്നു. ചൊവ്വാഴ്ച, വാക്കുതർക്കം രൂക്ഷമായപ്പോൾ രേണുക, ജാവേദിന്റെ നെഞ്ചിൽ കുത്തുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു.നിലവിളി കേട്ട് അയൽവാസികൾ ഓടിയെത്തിയപ്പോൾ ജാവേദിനെ മുറിയിൽ രക്തത്തിൽ കുളിച്ചു കിടക്കുന്ന നിലയിൽ കണ്ടെത്തി. അടുത്തായി രേണുക ഇരിക്കുന്നതും കണ്ടു. അയൽവാസികൾ ഉടൻ തന്നെ ജാവേദിനെ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. രേണുക കുറ്റം സമ്മതിച്ചതായി ഹുളിമാവ് പൊലീസ് അറിയിച്ചു.

## ചികിത്സയിലായിരുന്ന 15കാരനെ പീഡിപ്പിക്കാൻ ശ്രമം; ആശുപത്രി ജീവനക്കാരന് സസ്പെൻഷൻ



കണ്ണൂർ: തലശ്ശേരി ജനറൽ ആശുപത്രിയിൽ ചികിത്സയിലായിരുന്ന 15കാരനെ പീഡിപ്പിക്കാൻ ശ്രമിച്ച സംഭവത്തിൽ അറസ്റ്റിലായ ആശുപത്രി ജീവനക്കാരനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തു. ആശുപത്രിയിലെ ക്ലീനിംഗ് സ്റ്റാഫായ സി റമീസിനെ ആണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്.റമീസിന്റെ പ്രവൃത്തി ഗുരുതരമായ പെരുമാറ്റദൂഷ്യവും സർക്കാർജീവനക്കാരന് യോജിക്കാത്ത നടപടിയുമായതിനാൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എംപി ജീജയാണ് സസ്പെൻഡ് ചെയ്തത്. ഡെപ്യൂട്ടി ഡിഎംഒ ഡോ. കെടി രേഖ ഇന്നലെ ജനറൽ ആശുപത്രിയിലെത്തി സംഭവം സംബന്ധിച്ച് വിവരം ശേഖരിച്ചു.അറസ്റ്റിലായ റമീസ് ഇപ്പോൾ റിമാൻഡിലാണ്. ഇയാൾക്കെതിരെ പോക്സോ നിയമപ്രകാരമാണ് കേസെടുത്തിരിക്കുന്നത്. ബുധനാഴ്ച ഉച്ചയോടെയാണ് സംഭവം. വയറുവേദനയെ തുടർന്ന് ചികിത്സയിലായിരുന്ന വിദ്യാർത്ഥിയെ പ്രതി ശൗചാലയത്തിൽ കൊണ്ടുപോയി ലൈംഗിക അതിക്രമത്തിന് ഇരയാക്കിയെന്നാണ് പരാതി. ശനിയാഴ്ചയാണ് വിദ്യാർത്ഥിയെ ആശുപുത്രിയിൽ പ്രവേശിപ്പിക്കുന്നത്.

## സംസ്ഥാനത്ത് പരക്കെ ശക്തമായ മഴ തുടരാൻ സാധ്യത; 9 ജില്ലകളിൽ യെല്ലോ അലേർട്ട്

സംസ്ഥാനത്ത് പരക്കെ ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ യല്ലോ അലേർട്ട് പ്രഖ്യാപിച്ചു. അറബിക്കടലിൽ കാലവർഷക്കാറ്റ് ശക്തി പ്രാപിക്കുന്നതിനാൽ അടുത്ത ദിവസങ്ങളിലും മഴ തുടർന്നേക്കും. ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ചക്രവാതച്ചുഴി മധ്യ ഒഡിഷ -ഛത്തീസ്ഗഡിന് മുകളിലായി സ്ഥിതി ചെയ്യുന്നു. ഒപ്പം കേരളത്തിലേക്കുള്ള കാലവർഷക്കാറ്റ് ശക്തമായതുമാണ് മഴ വ്യാപകമാകാൻ കാരണം. കേരള തീരത്ത് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യതൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. മലയോര തീരദേശ മേഖലകളിൽ ജാഗ്രത നിർദേശം പ്രഖ്യാപിച്ചിട്ടുണ്ട്. കേരള തീരത്ത് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യതൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. ശക്തമായ കാറ്റിനും കടൽക്ഷോഭത്തിനും സാധ്യതയുള്ളതിനാൽകേരള കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## പാസ്പോർട്ടിനായുള്ള പൊലീസ് വെരിഫിക്കേഷൻ അതിവേഗത്തിൽ; വിശദാംശങ്ങൾ പങ്കുവെച്ച് കേരളാപൊലീസ്

പാസ്പോർട്ടിനായുള്ള പൊലീസ് വെരിഫിക്കേഷൻ വിശദാംശങ്ങൾ പങ്കുവെച്ച് കേരളാപൊലീസ്. കേരള പോലീസ് വികസിപ്പിച്ച ല്ശു മൊബൈൽ ആപ്പിന്റെ സഹായത്തോടെ പോലീസ് വെരിഫിക്കേഷൻ ഇപ്പോൾ പൂർണമായും ഡിജിറ്റൽ രൂപത്തിലാണ് നടക്കുന്നതെന്നാണ് കേരളപൊലീസ് ഫേസ്ബുക്കിൽ പങ്കുവെച്ച ഇത്തിരിനേരം ഒത്തിരി കാര്യത്തിൽ അറിയിച്ചത്.

**ഫേസ്ബുക്ക് പോസ്റ്റിന്റെ പൂർണരൂപം:-**



പുതിയ പാസ്പോർട്ടിനായി പാസ്പോർട്ട് ഓഫീസിൽ അപേക്ഷ നൽകിയാൽ പോലീസ് വെരിഫിക്കേഷനു ശേഷം മാത്രമായിരിക്കും പാസ്പോർട്ട് അനുവദിക്കുക. പാസ്പോർട്ടിനായി അപേക്ഷകർ നൽകിയ വിശദാംശങ്ങളുടെ പരിശോധന പോലീസ് നടത്തുന്നതിനെയാണ് പോലീസ് വെരിഫിക്കേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പേര്, വിലാസം, ഫോട്ടോ, മറ്റ് വ്യക്തിഗത വിവരങ്ങൾ എന്നിവയാണ് പോലീസ് പരിശോധിക്കുക. അപേക്ഷകരുടെ ക്രിമിനൽ പശ്ചാത്തലപരിശോധനകളാണ് പോലീസ് വെരിഫിക്കേഷനിൽ ഉൾപ്പെടുന്നു. ഇക്കാര്യങ്ങൾ അന്വേഷിച്ച് സ്ഥിരീകരിച്ച ശേഷം റിപ്പോർട്ട് തയ്യാറാക്കി പോലീസ്, പാസ്പോർട്ട് ഓഫീസിലേക്ക് അയയ്ക്കും.സാധാരണയായി രണ്ടു തരത്തിലാണ് പാസ്പോർട്ട് അധികൃതർക്ക് പോലീസ് റിപ്പോർട്ട് നൽകുന്നത്. റെക്കമെന്റഡ്, നോട്ട് റെക്കമെന്റഡ് എന്നിങ്ങനെ. അപേക്ഷകനെക്കുറിച്ചുള്ള അന്വേഷണം തൃപ്തികരമായതിനാൽ പാസ്പോർട്ട് അനുവദിക്കാമെന്ന ശുപാർശയാണ് റെക്കമെന്റഡ് റിപ്പോർട്ട്. അന്വേഷണത്തിൽ അപേക്ഷകന്റെ ക്രിമിനൽ പശ്ചാത്തലമോ ക്രിമിനൽ കേസ് വിവരങ്ങളോ വെളിവായാൽ നോട്ട് റെക്കമെന്റഡ് റിപ്പോർട്ട് ആയിരിക്കും പോലീസ് നൽകുക. പാസ്പോർട്ട് വീണ്ടും അനുവദിക്കുന്നതിനും പോലീസ് വെരിഫിക്കേഷനുണ്ടാവും. വെരിഫിക്കേഷൻ നടപടികളുടെ കാലതാമസം ഒഴിവാക്കാൻ കേരള പോലീസ് വികസിപ്പിച്ച ല്ശു മൊബൈൽ ആപ്പിന്റെ സഹായത്തോടെ പോലീസ് വെരിഫിക്കേഷൻ ഇപ്പോൾ പൂർണമായും ഡിജിറ്റൽ രൂപത്തിലാണ് നടക്കുന്നത്. ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് ആൻഡ് സിസ്റ്റംസ് എന്നറിയപ്പെടുന്ന ആധുനിക സംവിധാനം നാഷണൽ ഡാറ്റാ ബേസുമായി ബന്ധിപ്പിച്ചിട്ടുണ്ട്.ഒരു വ്യക്തി ഇന്ത്യയിൽ എവിടെയും കുറ്റകൃത്യം നടത്തി കേസിൽ പെട്ടിട്ടുണ്ടെങ്കിൽ ഈ സംവിധാനം വഴി മനസ്സിലാക്കാൻ കഴിയും. സൂക്ഷ്മതയും കൃത്യതയും വേഗവും ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ പ്രത്യേകത. അപേക്ഷിച്ച് 21 ദിവസത്തിനുള്ളിൽ പാസ്പോർട്ട് അപേക്ഷകളിൽ തീരുമാനമാകണമെന്നാണ് വ്യവസ്ഥയെങ്കിലും 48 മുതൽ 72 വരെ മണിക്കൂറിനുള്ളിൽ വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി പാസ്സ്പോർട്ട് ഓഫീസിലേക്ക് ശുപാർശ നൽകാൻ ഇപ്പോൾ കേരള പോലീസിനു കഴിയുന്നുണ്ട്.പോലീസിന്റെ ഔദ്യോഗിക ആപ്പ് ആയ പോൽ ആപ്പ് വഴി അപേക്ഷയുടെ നിലവിലെ സ്ഥിതി മനസ്സിലാക്കാം. പരിശോധന പൂർത്തിയാക്കി അപേക്ഷകൾ പാസ്സ്പോർട്ട് ഓഫീസിലേക്ക് മടക്കുമ്പോൾ അപേക്ഷകന്റെ മൊബൈൽ നമ്പറിലേക്ക് SMS വഴി വിവരം ലഭിക്കും.

## പിതാവിന്റെ കബറിടത്തിൽ മുട്ടുകുത്തി, വിതുമ്പി ചാണ്ടി ഉമ്മൻ

പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പ് വിജയത്തിന് പിന്നാലെ പിതാവ് ഉമ്മൻ ചാണ്ടിയുടെ കബറിടത്തിലെത്തി യുഡിഎഫ് സ്ഥാനാർത്ഥി ചാണ്ടി ഉമ്മൻ.

കല്ലറയിൽ മുട്ടുകുത്തി ചുംബിച്ച അദ്ദേഹം വിതുമ്പിക്കരഞ്ഞു. നേതാക്കൾക്കും പ്രവർത്തകർക്കുമൊപ്പമാണ് ചാണ്ടി ഉമ്മനെത്തിയത്.മാധ്യമങ്ങളോട് സംസാരിക്കാനും അദ്ദേഹം തയ്യാറായില്ല. പിന്നീട് വിശദമായി സംസാരിക്കാമെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു. വോട്ടെണ്ണൽ അന്ത്യത്തിലേക്ക് കടക്കുമ്പോൾ ചാണ്ടി ഉമ്മന്റെ ഭൂരിപക്ഷം നാൽപ്പതിനായിരം കടക്കുമെന്നാണ് സൂചന. എല്ലാ റൗണ്ടിലും ലീഡെടുത്താണ് യുഡിഎഫ് സ്ഥാനാർത്ഥിയുടെ തേരോട്ടം.അതിനിടെ, 53 കൊല്ലം ഉമ്മൻ ചാണ്ടി ഉള്ളംകൈയിൽ വച്ച് നോക്കിയ പുതുപ്പള്ളി ഇനി ചാണ്ടി ഉമ്മന്റെ കൈയിൽ ഭദ്രമാണെന്ന് സഹോദരി അച്ചു ഉമ്മൻ പ്രതികരിച്ചു. ഇത് സമാനതകളില്ലാത്ത വിജയമാണെന്നും ഇടതുമുന്നണിയുടെ മുഖത്തേറ്റ പ്രഹരമാണ് എന്നും അവർ പറഞ്ഞു.
'ഉമ്മൻചാണ്ടിക്ക് നൽകിയ യാത്രാമൊഴി നമ്മളെല്ലാം കണ്ടതാണ്.

അതിലും വലിയ ബഹുമതിയാണ് പുതുപ്പള്ളി ഇന്ന് ഉമ്മൻചാണ്ടിക്ക് നൽകിയിരിക്കുന്നത്. ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തെ മൃഗീയമായി വേട്ടയാടി. മരിച്ചതിന് ശേഷവും അതിക്രൂരമായി വേട്ടയാടി. അവരുടെ മുഖത്തുള്ള കനത്ത പ്രഹരമാണ് ഈ ഫലം.

വിജയത്തിന്റെ ഇടിമുഴക്കമാണ് നമ്മൾ ഇന്നു കേട്ടുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഇവിടെ വന്നപ്പോൾ തൊട്ട് ആവർത്തിച്ചു ചോദിച്ച ഒരു ചോദ്യമുണ്ട്. 53 കൊല്ലം ഉമ്മൻചാണ്ടി ഇവിടെ എന്തു ചെയ്തുവെന്ന്.

അതിന് പുതുപ്പള്ളി മറുപടി നൽകി. 53 കൊല്ലം ഉമ്മൻചാണ്ടി ചെയ്തതൊക്കെ ഇവിടെ മതിയെന്ന്. 53 കൊല്ലം ഉമ്മൻചാണ്ടി ഉള്ളംകൈയിൽ വച്ച് നോക്കിയ പുതുപ്പള്ളി ഇനി ചാണ്ടി ഉമ്മന്റെ കൈയിൽ ഭദ്രമാണ്.

സമാനതകളില്ലാത്ത വിജയമാണ് പുതുപ്പള്ളി സമ്മാനിച്ചിരിക്കുന്നത്.' - അച്ചു ഉമ്മൻ കൂട്ടിച്ചേർത്തു.

## ഉമ്മൻ ചാണ്ടിയോട് കൊടും ക്രൂരത കാണിച്ചവർക്ക് ജനകീയ കോടതിയുടെ ശിക്ഷ: എ കെ ആന്റണി



തിരുവനന്തപുരം: ഉമ്മൻ ചാണ്ടിയോട് കൊടും ക്രൂരത കാണിച്ചവർക്ക് പുതുപ്പള്ളിയിലെ ജനകീയ കോടതി കൊടുത്ത കടുത്ത ശിക്ഷയാണ് ചാണ്ടി ഉമ്മന്റെ അതിശയകരമായ വിജയമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് എ കെ ആന്റണി. ഉമ്മൻ ചാണ്ടിയെ പൈശാചികമായാണ് അവർ വേദനിപ്പിച്ചത്. അതിന് പുതുപ്പള്ളിക്കാർ നൽകിയ മറുപടിയാണ് ഈ വിജയമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.'പുതുപ്പള്ളിക്കാർക്ക് ഉമ്മൻ ചാണ്ടിയോടുള്ള വൈകാരിക ബന്ധം എനിക്കറിയാം. ഒരർഥത്തിൽ അവരുടെ പ്രതികാര ചിന്ത നേരിട്ട് മനസിലാക്കിയിട്ടുണ്ട്. പൊതുയോഗത്തിൽ വച്ച് പുതുപ്പള്ളിയിലെ വോട്ട് എണ്ണി കഴിയുമ്പോൾ ചാണ്ടി ഉമ്മന്റെ ഭൂരിപക്ഷം കേൾക്കുമ്പോൾ വേട്ടയാടിയവർ ഞെട്ടി വിറക്കുമെന്ന് ഞാൻ പറഞ്ഞു. ഭൂരിപക്ഷം കണ്ട് അവർ ബോധംകെടും എന്നും ഞാൻ പറഞ്ഞു. പുതുപ്പള്ളിക്കാരുടെ വികാരം ഞാൻ നേരിട്ട് കണ്ടിട്ടുള്ളതാണ്.'- എ കെ ആന്റണി പറഞ്ഞു.'പുതുപ്പള്ളിയുമായി എനിക്ക് ബന്ധമുണ്ട്. 1962 മുതൽ ഉമ്മൻ ചാണ്ടിയ്ക്ക് ഒപ്പം ഞാൻ പുതുപ്പള്ളിയിൽ പോയിട്ടുണ്ട്. പുതുപ്പള്ളിക്കാർക്ക് ഉമ്മൻ ചാണ്ടിയോടുള്ള സ്നേഹം നേരിട്ട് അറിയാവുന്നതാണ്. കുഞ്ഞുഞ്ഞിനെ അവർ പൈശാചികമായാണ് വേദനിപ്പിച്ചത്.ഉമ്മൻ ചാണ്ടിയ്ക്കും കുടുംബത്തിനും എത്ര ഉറക്കമില്ലാത്ത രാത്രികൾ ഉണ്ടായി കാണും. അതിന് പുതുപ്പള്ളിക്കാർ നൽകിയ മറുപടിയാണ് തെരഞ്ഞെടുപ്പ് ഫലം. കൊടും ക്രൂരത കാണിച്ചവർക്ക് പുതുപ്പള്ളിയിലെ ജനകീയ കോടതി കൊടുത്ത കടുത്ത ശിക്ഷയാണ് ചാണ്ടി ഉമ്മന്റെ അതിശയകരമായ വിജയം'- ആന്റണി കൂട്ടിച്ചേർത്തു.

## വാഹനാപകടം: ബിജെപി നേതാവിന്റെ മകന് ദാരുണാന്ത്യം

ദില്ലി-മുംബൈ എക്സ്പ്രസ് വേയിൽ മെഴ്സിഡസ് ബെൻസ് പാൽ ടാങ്കറുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ബിജെപി നേതാവിൻറെ മകൻ മരിച്ചു. രാജസ്ഥാനിൽ നിന്നുള്ള ബിജെപി നേതാവായ സത്വീർ ചാന്ദിലയുടെ മകൻ ആകാശ് ചാന്ദില (23) ആണ് മരിച്ചത്. എക്സ്പ്രസ് വേയിലെ സോഹ്ന-ദൗസ സ്ട്രെച്ചിലാണ് അപകടമുണ്ടായത്. അപകടത്തിന് ശേഷം ഓടി രക്ഷപ്പെട്ട ടാങ്കർ ഡ്രൈവർക്കെതിരെ കേസെടുത്തു. രാജസ്ഥാനിലെ കരോളിയിൽ രാഷ്ട്രീയ റാലിയിൽ പങ്കെടുത്ത ശേഷം ഫരീദാബാദിലേക്ക് മടങ്ങുകയായിരുന്ന ആകാശ് ചന്ദേല.

## ഇടത് നെറി കേടുകൾക്കെതിരായ മധുര പ്രതികാരം: പി.എം.എ സലാം

കോഴിക്കോട്: ഇടതുപക്ഷം ഉമ്മൻ ചാണ്ടിയോട് ചെയ്ത കടുത്ത നെറികേടുകൾക്ക് കേരളം നൽകിയ മധുര പ്രതികാരമാണ് പുതുപ്പള്ളിയിലെ ചാണ്ടി ഉമ്മന്റെ വിജയമെന്ന് മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം പ്രതികരിച്ചു. സഖാക്കൾക്ക് കൂടി വേണ്ടാത്ത ഈ ഭരണം അവസാനിപ്പിക്കാൻ പിണറായി ഇനിയെന്തിനാണ് താമസിപ്പിക്കുന്നതെന്നും അദ്ദേഹം ചോദിച്ചു.

ഉമ്മൻ ചാണ്ടിയെ പ്രതികാര ബുദ്ധിയോടെ വേട്ടയാടിയവർക്ക് പുതുപ്പള്ളിയിലെ ജനം ബാലറ്റിലൂടെ മറുപടി നൽകിയിരിക്കുന്നു. ഇടത് ഭരണത്തെ ജനം എത്രത്തോളം വെറുക്കുന്നു എന്നാണ് ഈ വിജയം വ്യക്തമാക്കുന്നത്.

മുഖ്യമന്ത്രിയുടെ ഏകാധിപത്യത്തിനും അഴിമതിക്കുമെതിരായ ജനവികാരമാണിത്. 53 കൊല്ലം ഉമ്മൻ ചാണ്ടി എന്ത് ചെയ്തുവെന്ന് ചോദിച്ചവർക്ക് ജനം മറുപടി നൽകിയിരിക്കുന്നു.

ഉമ്മൻ ചാണ്ടിയെ വേട്ടയാടിയ പോലെ മക്കൾക്കെതിരെയും സഖാക്കൾ ഉറഞ്ഞുതുള്ളി. വ്യക്തി അധിക്ഷേപത്തിലൂടെ രാഷ്ട്രീയ നേട്ടം കൊയ്യാനുള്ള ഇടതുപക്ഷത്തിൻറെ നെറികേടിനെതിരായ വ്യക്തമായ മറുപടിയാണ് പുതുപ്പള്ളി നൽകിയതെന്നും അദ്ദേഹം പറഞ്ഞു.

## 'ബി.ജെ.പിയുടെ പെട്ടി കാലിയാണ്, ആ വോട്ട് എങ്ങോട്ട് പോയെന്ന് ഇപി ജയരാജൻ



തിരുവനന്തപുരം: എൽഡിഎഫിന് കിട്ടേണ്ട വോട്ട് എൽഡിഎഫിന് തന്നെ ലഭിച്ചെന്ന് സി.പി.എം നേതാവ് ഇ.പി ജയരാജൻ.

ബിജെപിയുടെ വോട്ട് എവിടെ പോയെന്നും കിട്ടേണ്ട വോട്ട് പോലും ബി.ജെ.പിക്ക് കിട്ടിയില്ലെന്നും അദ്ദേഹം പറഞ്ഞു. യുഡിഎഫ് സ്ഥാർഥിയ്ക്ക് നിലവിൽ നല്ല ലീഡാണെന്നും മുഴുവൻ ഫലവും വരട്ടെയെന്നും ജയരാജൻ പറഞ്ഞു.

അതേസമയം, പുതുപ്പള്ളിയിൽ പിതാവ് ഉമ്മൻചാണ്ടിയുടെ ഭൂരിപക്ഷം മറികടന്ന് ചാണ്ടി ഉമ്മൻ. മണ്ഡലത്തിലെ അവസാന അങ്കത്തിൽ 9,044 വോട്ടിൻറെ ഭൂരിപക്ഷത്തിലാണ് ഉമ്മൻചാണ്ടി ജയിച്ചത്. ഈ കണക്കാണ് ചാണ്ടി മറികടന്നിരിക്കുന്നത്.

വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ 36,400 വോട്ടിൻറെ ലീഡാണ് ചാണ്ടി ഉമ്മനുള്ളത്.

## 'ബിജെപിയുടെ അയ്യായിരത്തോളം വോട്ടുകൾ കോൺഗ്രസിന് വിറ്റു'; ആരോപണവുമായി വി എൻ വാസവൻ

പുതുപ്പള്ളിയിൽ എൽഡിഎഫ് സ്ഥാനാർത്ഥി ജെയ്ക് സി തോമസിന്റെ പരാജയത്തിന് പിന്നാലെ വോട്ടുകച്ചവടം നടന്നെന്ന ആരോപണവുമായി മന്ത്രി വി എൻ വാസവൻ. ബിജെപിയുടെ അയ്യായിരത്തോളം വോട്ടുകൾ കോൺഗ്രസിന് വിറ്റെന്നാണ് മന്ത്രി വി എൻ വാസവന്റെ ആരോപണം.
ജനവിധി മാനിക്കുന്നുവെന്ന് വി എൻ വാസവൻ മാധ്യമങ്ങളോട് പറഞ്ഞു. പുതുപ്പള്ളിയിൽ ചിട്ടയായ പ്രവർത്തനം നടത്താൻ സാധിച്ചു. എൽഡിഎഫ് അടിത്തറ തകർന്നിട്ടില്ല എന്ന് തെളിയിക്കാനായെന്നും വി എൻ വാസവൻ പറഞ്ഞു.
എൽഡിഎഫിന്റെ അടിസ്ഥാന വോട്ട് ചോർന്നിട്ടില്ലെന്നായിരുന്നു ജെയ്ക് സി തോമസിന്റെ പ്രതികരണം. 41, 9282 വോട്ട് ലഭിച്ചു. സ്ഥാനാർത്ഥിയെന്ന നിലയിൽ ഉത്തരവാദിത്തം നിർവ്വഹിക്കാൻ കഴിഞ്ഞു. ബിജെപിയുടെ വോട്ടുകൾ വ്യാപമായി ചോർന്നിട്ടുണ്ട്. ബി ജെ പി യും കോൺഗ്രസും ഒത്തൊരുമിച്ച് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചോയെന്ന് പരിശോധിക്കണമെന്നും ജെയ്ക് ആരോപിച്ചു.

## '53 കൊല്ലം ഉമ്മൻചാണ്ടി ഇവിടെ എന്തു ചെയ്തുവെന്നാണ് ചോദിച്ചത്, അതിന് പുതുപ്പള്ളി മറുപടി നൽകി'; അച്ചു ഉമ്മൻ

പുതുപ്പള്ളി: 53 കൊല്ലം ഉമ്മൻ ചാണ്ടി ഉള്ളംകൈയിൽ വച്ച് നോക്കിയ പുതുപ്പള്ളി ഇനി ചാണ്ടി ഉമ്മന്റെ കൈയിൽ ഭദ്രമെന്ന് സഹോദരി അച്ചു ഉമ്മൻ. ഇത് സമാനതകളില്ലാത്ത വിജയമാണെന്നും ഇടതുമുന്നണിയുടെ മുഖത്തേറ്റ പ്രഹരമാണ് എന്നും അവർ പുതുപ്പള്ളിയിൽ മാധ്യമങ്ങളോട് പറഞ്ഞു.'ഉമ്മൻചാണ്ടിക്ക് നൽകിയ യാത്രാമൊഴി നമ്മളെല്ലാം കണ്ടതാണ്. അതിലും വലിയ ബഹുമതിയാണ് പുതുപ്പള്ളി ഇന്ന് ഉമ്മൻചാണ്ടിക്ക് നൽകിയിരിക്കുന്നത്. ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തെ മൃഗീയമായി വേട്ടയാടി. മരിച്ചതിന് ശേഷവും അതിക്രൂരമായി വേട്ടയാടി. അവരുടെ മുഖത്തുള്ള കനത്ത പ്രഹരമാണ് ഈ ഫലം. വിജയത്തിന്റെ ഇടിമുഴക്കമാണ് നമ്മൾ ഇന്നു കേട്ടുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഇവിടെ വന്നപ്പോൾ തൊട്ട് ആവർത്തിച്ചു ചോദിച്ച ഒരു ചോദ്യമുണ്ട്. 53 കൊല്ലം ഉമ്മൻചാണ്ടി ഇവിടെ എന്തു ചെയ്തുവെന്ന്. അതിന് പുതുപ്പള്ളി മറുപടി നൽകി. 53 കൊല്ലം ഉമ്മൻചാണ്ടി ചെയ്തതൊക്കെ ഇവിടെ മതിയെന്ന്. 53 കൊല്ലം ഉമ്മൻചാണ്ടി ഉള്ളംകൈയിൽ വച്ച് നോക്കിയ പുതുപ്പള്ളി ഇനി ചാണ്ടി ഉമ്മന്റെ കൈയിൽ ഭദ്രമാണ്. സമാനതകളില്ലാത്ത വിജയമാണ് പുതുപ്പള്ളി സമ്മാനിച്ചിരിക്കുന്നത്.' - അച്ചു ഉമ്മൻ പറഞ്ഞു.

## കാൻസറിന് മുന്നോടിയായി ശരീരം കാണിക്കുന്ന ഏഴ് ലക്ഷണങ്ങൾ

കാൻസർ രോഗങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന കാലഘട്ടത്തിലാണ് നമ്മളിപ്പോൾ ജീവിക്കുന്നത്. ജീവിതശൈലിയിൽ വന്ന മാറ്റമാണ് പ്രധാനമായും മലയാളികൾക്കിടയിൽ കാൻസർ രോഗം വ്യാപകമാവാൻ കാരണമെന്നാണ് പറയപ്പെടുന്നത്. കൂട്ടത്തിൽ ജനിതകമായ കാരണങ്ങൾ കൊണ്ടും ചിലരിൽ കാൻസർ പിടിപെടാം. ശരീരത്തിലെ ചില കോശങ്ങളിൽ അനിയന്ത്രിതമായി വളരുകയും മറ്റ് ശരീര ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്ന രോഗമാണ് കാൻസർ. രോഗം നേരത്തെ കണ്ടെത്തിയാൽ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും. രോഗം ശരീരത്തിൽ പടർന്നിട്ടുണ്ടെങ്കിൽ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ അടയാളങ്ങളോ ലക്ഷണങ്ങളോ പ്രകടമാകും. ഇത് നിരീക്ഷിച്ച് കൃത്യമായി പരിശോധന നേടത്തിയാൽ നേരത്തെ തന്നെ കാൻസർ രോഗം കണ്ടെത്താൻ സാധിക്കും.താഴെ പറയുന്ന ഏഴ് ലക്ഷണങ്ങളിൽ ഏതെങ്കിലും നിങ്ങൾക്കുള്ളതായി സംശയിക്കുകയാണെങ്കിൽ സ്വയം ചികിത്സക്ക് നിൽക്കാതെ ഉടൻ തന്നെ ഡോക്ടറെ സമീപിക്കേണ്ടതാണ്.

**ശരീരത്തിലെ കലകൾ**

ശരീരത്തിൽ സാധാരണയായി കാണപ്പെടുന്ന അരിമ്പാറ, മറുക് എന്നിവയുടെ നിറം മാറുകയോ, വലിപ്പം വ്യത്യാസപ്പെടുകയോ, ആകൃതി മാറുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഡോക്ടറെ സമീപിക്കണം. ചർമ്മത്തിൽ മറ്റേതെങ്കിലും തരത്തിലുള്ള മാറ്റങ്ങളുണ്ടായാലും ശ്രദ്ധിക്കണം.

**ശരീരത്തിലുണ്ടാകുന്ന മുഴകൾ**

കഴുത്ത്, കക്ഷം, നെഞ്ച്, സ്തനങ്ങൾ, വൃഷ്ണങ്ങൾ എന്നിവിടങ്ങളിൽ മുഴകൾ കാണപ്പെടുന്നത് കാൻസറിന്റെ ലക്ഷണമാവാം. അതുകൂടാതെ ശരീരത്തിന്റെ മറ്റേതെങ്കിലും ഭാഗത്ത് സ്ഥിരമായ മുഴകൾ, വീക്കം എന്നിവ കാണപ്പെട്ടാലും ശ്രദ്ധിക്കണം.

**ഭക്ഷണം ഇറക്കാനുള്ള ബുദ്ധിമുട്ട്**

മറ്റ് കാരണങ്ങളൊന്നുമില്ലെങ്കിലും സ്ഥിരമായി ഭക്ഷണം ഇറക്കാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെങ്കിൽ ശ്രദ്ധിക്കണം. അതുപോലെയുണ്ടാകുന്ന ദഹന സംബന്ധമായ പ്രശ്നങ്ങളും ആമാശയം, തൊണ്ട, അന്നനാളം എന്നിവിടങ്ങളിലെ കാൻസറിന്റെ ലക്ഷണങ്ങളായിരിക്കാൻ സാധ്യതയുണ്ട്.

**മലമൂത്ര വിസർജ്ജനത്തിനുള്ള ബുദ്ധിമുട്ട്**

മല മൂത്ര വിസർജ്ജനത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കാൻസറിന്റെ പ്രധാന ലക്ഷണങ്ങളിലൊന്നാണ്. ആഴ്ചകളോളം നീണ്ടു നിൽക്കുന്ന മലബന്ധം, വയറിളക്കം, ഇടക്കിടെയുള്ള മൂത്രമൊഴിക്കൽ എന്നിവയും രോഗലക്ഷണമാണ്.

**മലബന്ധം**

ദീർഘകാല മലബന്ധ പ്രശ്നം, വയറിളക്കം, വയറുവേദന തുടങ്ങിയവയൊക്കെ വൻകുടൽ കാൻസറിന്റെ ലക്ഷണമാകാം. മൂത്രമൊഴിക്കുന്ന സമയത്തുണ്ടാകുന്ന വേദന, മൂത്രത്തിൽ രക്തം, അല്ലെങ്കിൽ മൂത്രത്തിന്റെ അളവിലുണ്ടാകുന്ന തുടർച്ചയായ വ്യത്യാസങ്ങൾ എന്നിവ പ്രോസ്റ്റേറ്റ് കാൻസറിന്റെ ലക്ഷണമാണ്.

**ശരീര ഭാരം കുറയൽ**

അകാരണമായ ശരീര ഭാരം കുറയൽ കാൻസറിന്റെ പ്രധാന ലക്ഷണങ്ങളിലൊന്നാണ്. നല്ലതുപോലെ ഭക്ഷണം കഴിച്ചിട്ടും ഭാരം കുറയുകയാണെങ്കിൽ ഉടനടി ഡോക്ടറെ സമീപിക്കുന്നത് നല്ലതായിരിക്കും.

**ആർത്തവ ക്രമരാഹിത്യം**

മിക്ക സ്ത്രീകൾക്കും ഇടക്കിടെ ക്രമരഹിതമായ ആർത്തവമോ, മലബന്ധമോ ഉണ്ടാകാറുണ്ട്. എന്നാൽ സ്ഥിരമായ വേദനയോ, ആർത്തവ സൈക്കിളിലെ മാറ്റങ്ങളോ, സെർവിക്കൽ അല്ലെങ്കിൽ ഗർഭാശയ-അണ്ഡാശയ കാൻസറിന്റെ ലക്ഷണങ്ങളാകാം.

# തൃക്കാക്കര സദ്യയും പുലികളിയും നാഷണൽ ജിയോഗ്രാഫിക്ക് ചാനലിൽ

കൊച്ചി: മലയാളി ഓണത്തിന്റെ ഗൃഹാതുരസ്മരണയായ തൃക്കാക്കര ക്ഷേത്രത്തിലെ സദ്യ മുതൽ പുലി കളിവരെ, നാഷണൽ ജിയോഗ്രാഫിക്ക് ചാനലിൽ ഇന്ത്യാസ് മെഗാ ഫെസ്റ്റിവൽസ് ഷോയിലൂടെ ലോകമൊന്നാകെയുള്ള പ്രേക്ഷകരിലേക്ക് എത്തുന്നു. ഇനി മുതൽ എല്ലാ ബുധനാഴ്ചയും രാത്രി എട്ടിനാണ് നാഷണൽ ജിയോഗ്രാഫിക്ക് ചാനലിലെ ഇന്ത്യാ മെഗാ ഫെസ്റ്റിവൽ പ്രേക്ഷകർക്ക് മുന്നി




ലെത്തുന്നത്. ലോക പ്രശസ്ത സെലിബ്രിറ്റി ഷെഫുമാരായ ഗാരി മെഹിഗൻ, പാബ്ലോ നരഞ്ജോ അഗുലാരെ എന്നിവർ ചേർന്ന് അവതരിപ്പിക്കുന്ന ആറ് ഭാഗങ്ങളുള്ള ഒന്നിൽ 44 മിനിറ്റ് ദൈർഘ്യമുള്ള പരമ്പരയാണിത്.

ഓണം കൂടാതെ ഗണേശോത്സവം, ദുർഗ്ഗാപൂജ, ഹോൺബിൽ , ഫൂലോം കി ഹോളി, ഈദുൽ ഫിത്വർ എന്നീ മഹത്തായ ഇന്ത്യൻ ആഘോഷ സംസ്കാരങ്ങളും ഈ പരമ്പരയിൽ സംപ്രേക്ഷണം ചെയ്യും.

# മരിക്കണമെന്ന് നേരത്തെ തീരുമാനിച്ചു, 9വർഷത്തെ പ്ലാനിങ്; 30–ാം വയസ്സിൽ യുവാവിന്റെ ആത്മഹത്യ

ഭോപാൽ: മധ്യപ്രദേശിൽ ഹോട്ടലുടമ വീട്ടിനുള്ളിൽ ആത്മഹത്യ ചെയ്തനിലയിൽ. 30-ാമത്തെ വയസ്സിൽ ആത്മഹത്യ ചെയ്യുമെന്ന് ഒൻപത് വർഷം മുൻപേ തീരുമാനിച്ചിരുന്നതായി യുവാവിന്റെ ആത്മഹത്യ കുറിപ്പിൽ പറയുന്നു. അതിനായി ഏഴ് വർഷം മുൻപ് തോക്ക് വാങ്ങി. ഏഴ് പേജുള്ള ആത്മഹത്യ കുറിപ്പ് എഴുതി വെച്ചിട്ടാണ് യുവാവ് ആത്മഹത്യ ചെയ്തത്. വ്യാഴാഴ്ചയാണ് സംഭവം.

30 വയസു വരെ മാത്രമേ താൻ ജീവിക്കൂ എന്ന് ഒൻപത് വർഷം മുൻപേ തീരുമാനിച്ചതാണെന്നും ജീവിതത്തിൽ ബുദ്ധിമുട്ടുകളുണ്ടായിരുന്നില്ലെന്നും മരണത്തിൽ മറ്റാരും ഉത്തരവാദികളല്ലെന്നും ആത്മഹത്യ കുറിപ്പിൽ യുവാവ് പറഞ്ഞു.

ഹിരാ നഗറിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ വെടിയേറ്റ് രക്തം വാർന്ന നിലയിലായിരുന്നു മൃതദേഹം. 2016ൽ സ്വയം രക്ഷയ്ക്ക് വാങ്ങിയ തോക്കും മൃതദേഹത്തിന് അരുകിൽ നിന്നും പൊലീസ് കണ്ടെത്തി. കരുതികൂട്ടിയുള്ള ആത്മഹത്യയാണെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം.

ആത്മഹത്യ കുറിപ്പ് വായിച്ചതിൽ നിന്നും യുവാവ് കടുത്ത മാനസിക പ്രശ്നങ്ങൾ നേരിട്ടിരുന്നു എന്ന് കരുതുന്നുവെന്നും പൊലീസ് പറഞ്ഞു. സംഭവത്തിൽ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.



# കാർട്ടൂണിസ്റ്റ് അജിത് നൈനാൻ അന്തരിച്ചു

മൈസൂരു: പ്രമുഖ കാർട്ടൂണിസ്റ്റ് അജിത് നൈനാൻ അന്തരിച്ചു. 68 വയസ്സായിരുന്നു. ഹൃദയാഘാതമാണ് മരണകാരണമെന്ന് കുടുംബ വൃത്തങ്ങളെ ഉദ്ധരിച്ചുകൊണ്ടുള്ള റിപ്പോർട്ടുകളിൽ പറയുന്നു.ഇന്ത്യ ടുഡേയിലെ സെന്റർസ്റ്റേജ്, ടൈംസ് ഒഫ് ഇന്ത്യയിലെ നൈനാൻസ് വേൾഡ് എന്നിവ ഏറെ പ്രസിദ്ധമായ കാർട്ടൂൺ പംക്തികളാണ്.

ബാല മാസികയായ ടാർഗറ്റിൽ വരച്ച ഡിറ്റക്ടീവ് മൂച്വാല ഏറെ ജനകീയമായിരുന്നു.രണ്ടു വർഷമായി മൈസൂരുവിൽ താമസിക്കുന്ന അജിത് നൈനാൻ വീട്ടിൽ ഒറ്റയ്ക്കായിരുന്നു. ഭാര്യ മകൾക്കൊപ്പം ഗോവയിലാണ്.

## കോഴികൾ പുരയിടത്തിൽ കയറി: വീട്ടമ്മമാർ തമ്മിൽ സംഘട്ടനം

അഞ്ചൽ: വളർത്തുകോഴികൾ പുരയിടത്തിൽ കയറിയതിനെ ചൊല്ലി വീട്ടമ്മമാർ തമ്മിലുണ്ടായ സംഘട്ടനത്തിൽ ഒരാളുടെ കൈയൊടിഞ്ഞു. ചണ്ണപ്പേട്ട ആനക്കുളം മെത്രാൻത്തോട്ടം പ്ലാവിള പുത്തൻവീട്ടിൽ നളിനിയുടെ ഇടതുകൈ ആണ് ഒടിഞ്ഞത്. പരിക്കേറ്റ നളിനിയെ പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നളിനിയുടെ പരാതിയിൽ അഞ്ചൽ പൊലീസ് കേസെടുത്തു.അയൽവാസി സാറാമ്മയാണ് കൈ അടിച്ചൊടിച്ചതെന്ന് നളിനി പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നു. നളിനി വീട്ടിൽ വളർത്തുന്ന കോഴികൾ അയൽവാസിയായ സാറാമ്മയുടെ പുരയിടത്തിൽ കയറി കൃഷികളും മറ്റും നശിപ്പിക്കുന്നത് പതിവായിരുന്നുവത്രേ.

# സിറ്റിങ് സീറ്റിൽ സിപിഎമ്മിന് 3909 വോട്ട് മാത്രം; ത്രിപുരയിൽ രണ്ടിടത്തും ബിജെപി

അഗർത്തല: ത്രിപുരയിൽ ഉപതെരഞ്ഞെടുപ്പ് നടന്ന രണ്ടു മണ്ഡലങ്ങളിലും ബിജെപിക്കു ജയം.

ധൻപുർ, ബോക്സാനഗർ മണ്ഡലങ്ങളിലാണ് തെരഞ്ഞെടുപ്പു നടന്നത്. ബോക്സാനഗറിൽ ബിജെപിയുടെ തഫാജൽ ഹുസൈൻ 30,237 വോട്ടിനു ജയിച്ചു. സിപിഎമ്മിന്റെ മിസാൻ ഹുസൈനെയാണ് ബിജെപി സ്ഥാനാർഥി തോൽപ്പിച്ചത്.

തഫാജൽ ഹുസൈന് 34,146 വോട്ടു കിട്ടിയപ്പോൾ സിപിഎമ്മിന് 3909 വോട്ടു മാത്രമേ നേടാനായുള്ളൂ. സിപിഎം എംഎൽഎയുടെ മരണത്തെത്തുടർന്നാണ് ഇവിടെ ഉപതെരഞ്ഞെടുപ്പ് നടന്നത്. ധൻപുരിൽ ബിജെപി സ്ഥാനാർഥി ബിന്ദു ദേബാനാഥ് 18,871 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വിജയം നേടിയത്. ദേബാനാഥിന് 30,017 വോട്ടും സിപിഎമ്മിലെ കൗശിക് ചന്ദയ്ക്ക് 11,146 വോട്ടും കിട്ടി. തെരഞ്ഞെടുപ്പിൽ വ്യാപകമായ കൃത്രിമം നടന്നെന്ന് ആരോപിച്ച് സിപിഎം വോട്ടെണ്ണൽ ബഹിഷ്കരിച്ചിരുന്നു. തിപ മോത്തയും കോൺഗ്രസും ഇരു സീറ്റിലും സ്ഥാനാർഥികളെ നിർത്തിയില്ല.



വിജയം നേടിയ തഫാജൽ ഹുസൈന്റെ ആഹ്ലാദം

# ഇന്ത്യക്ക് ഭാരതമാകാൻ ചെലവ് 14,000 കോടി

ഇന്ത്യയുടെ ഔദ്യോഗിക നാമം ഭാരതം എന്നാക്കുന്നതിനെക്കുറിച്ച് ചൂടേറിയ ചർച്ചകൾ നടക്കുകയാണ്. ജി20 ഉച്ചകോടിയുടെ ഭാഗമായുള്ള രാഷ്ട്രപതിയുടെ അത്താഴവിരുന്നിന് പ്രതിനിധികൾക്ക് അയച്ച കത്തിൽ 'പ്രസിഡന്റ് ഓഫ് ഭാരത്' എന്ന് എഴുതിയതാണ് പേരുമാറ്റം സംബന്ധിച്ച ചർച്ചകൾ സജീവമാകാൻ കാരണം. പേരുമാറ്റത്തെ അനുകൂലിച്ച് ബി.ജെ.പി നേതാക്കളും എതിർത്ത് പ്രതിപക്ഷവും രംഗത്തെത്തിക്കഴിഞ്ഞു. സെപ്തംബർ 18 മുതൽ 22 വരെ നടക്കുന്ന പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തിൽ പേരുമാറ്റം സംബന്ധിച്ച ബിൽ അവതരിപ്പിക്കുമെന്നാണ് റിപ്പോർട്ട്. പ്രത്യേക സമ്മേളനത്തിൽ ചോദ്യോത്തര വേള, സീറോഅവർ, സ്വകാര്യ ബില്ലുകൾ തുടങ്ങിയവ ഉണ്ടാവില്ലെന്ന് ലോക്സഭാ സെക്രട്ടറിയേറ്റ് വ്യക്തമാക്കിയിരുന്നു. പ്രതിപക്ഷത്തിന്റെ വിമർശനം ഒഴിവാക്കാനാണ് ഇതെന്നാണ് സൂചന.പേരുമാറ്റം ഒരു ചെറിയ കാര്യമായി തോന്നാമെങ്കിലും അതിന് വരുന്ന ചെലവ് അത്ര നിസാരമല്ല. അന്താരാഷ്ട്ര തലം മുതൽ വ്യക്തിഗത തലം വരെ പേരുമാറ്റം ബാധിക്കും. അതുകൊണ്ട് പേരുമാറ്റത്തിന് ഭീമമായ തുകയാണ് ചെലവ് വരിക. ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യം എന്നത് മാത്രമല്ല, അസംഖ്യം സംസ്കാരങ്ങളും ഭാഷകളും വംശങ്ങളും ഉള്ള വൈവിധ്യങ്ങളുടെ നാടായ ഇന്ത്യയെപ്പോലൊരു രാജ്യത്ത് പേരുമാറ്റം അതി സങ്കീർണമായ ഒരു പ്രക്രിയയാണ്.2018ൽ അലഹാബാദിന്റെ പേര് പ്രയാഗ്‌രാജ് എന്ന് മാറ്റിയപ്പോൾ 300 കോടിയോളം രൂപയാണ് ചെലവ് വന്നത്. ഭൂപടങ്ങൾ, റോഡ് നാവിഗേഷൻ സംവിധാനം, ഹൈവേ ലാൻഡ്മാർക്കുകൾ, സംസ്ഥാന, സിവിൽ അതോറിറ്റി ഓഫീസുകളിൽ ഉപയോഗിക്കുന്ന ഔദ്യോഗിക സാമഗ്രികൾ മുതലായവ അപ്ഡേറ്റ് ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വലിയ തുക ചെലവാകും. സ്വകാര്യ ബിസിനസ് സ്ഥാപനങ്ങളും കോർപ്പറേറ്റ് സ്ഥാപനങ്ങളും വഹിക്കേണ്ട ചെലവുകൾക്ക് ഇതിന് പുറമെയാണ്.ലോകത്ത് പേരുമാറ്റുന്ന ആദ്യത്തെ രാജ്യമല്ല ഇന്ത്യ. ഇന്ത്യയുടെ അയൽ രാജ്യമായ ശ്രീലങ്ക 1972ലാണ് സിലോൺ എന്ന പേര് മാറ്റി ശ്രീലങ്കയാക്കിയത്. നാല് പതിറ്റാണ്ട് സമയമെടുത്താണ് എല്ലാ സർക്കാർ രേഖകളിൽ നിന്നും സിലോൺ എന്ന പേര് മാറ്റിയത്. കൊളോണിയൽ ആശയങ്ങളിൽ നിന്ന് മുക്തി നേടാനുള്ള ശ്രമത്തിന്റെ ഭാഗമായി 2018-ൽ സ്വാസിലാൻഡ് രാജാവ് രാജ്യത്തെ ഈശ്വാതിനി എന്ന് പുനർനാമകരണം ചെയ്തു. അക്കാലത്ത്, ദക്ഷിണാഫ്രിക്ക ആസ്ഥാനമായുള്ള ഒരു ബൗദ്ധിക സ്വത്തവകാശ അഭിഭാഷകൻ ഒരു രാജ്യത്തിന്റെ പേര് മാറ്റുന്നതിനുള്ള ചെലവ് കണക്കാക്കുന്നതിനുള്ള ഒരു രീതി കൊണ്ടുവന്നു. ഡാരൻ ഒലിവിയർ ആഫ്രിക്കൻ രാഷ്ട്രത്തിന്റെ പേരുമാറ്റത്തെ ഒരു വലിയ കോർപ്പറേറ്റ് സ്ഥാപനത്തിന്റെ റീബ്രാൻഡിങ്ങുമായി താരതമ്യം ചെയ്താണ് ചെലവ് കണക്കാക്കിയത്.ഒലിവിയർ പറയുന്നതനുസരിച്ച്, ഒരു വലിയ സംരംഭത്തിന്റെ ശരാശരി മാർക്കറ്റിങ് ചെലവ് അതിന്റെ മൊത്തം വരുമാനത്തിന്റെ ആറ് ശതമാനമാണ്. റീബ്രാൻഡിങ് പ്രവർത്തനങ്ങൾക്ക് കമ്പനിയുടെ മൊത്തത്തിലുള്ള മാർക്കറ്റിങ് ബജറ്റിന്റെ 10 ശതമാനം വരെ ചെലവാകും. സ്വാസിലാൻഡിനെ ഈശ്വതിനി എന്ന് പുനർനാമകരണം ചെയ്യാനുള്ള ചെലവ് 60 മില്യൺ ഡോളറാണെന്ന് അദ്ദേഹത്തിന്റെ കണക്കുകൾ പറയുന്നു.സമാനമായ ഒരു മാതൃക ഇന്ത്യയുടെ കാര്യത്തിൽ പ്രയോഗിച്ചാൽ പേരുമാറ്റത്തിന് വൻ തുക ചെലവാകുമെന്നാണ് കണക്കുകൾ പറയുന്നത്.

# കാനഡ കുടിയേറ്റം; ഈ വിസകളിൽ രാജ്യത്തെത്തുന്നവർ സൂക്ഷിക്കണം; മുന്നറിയിപ്പുമായി യു.എൻ പ്രതിനിധി

വിദേശ കുടിയേറ്റം വ്യാപകമായതോടെ വലിയ രീതിയിലുള്ള പ്രതിഷേധങ്ങൾ കാനഡയിൽ ഉയരുന്നതായാണ് റിപ്പോർട്ട്. കുടിയേറ്റം കാനഡയുടെ സാമ്പത്തിക മേഖല തകർത്തെന്നും വീട്ടുവാടകയിലടക്കം വലിയ വർധനക്ക് കാരണമായെന്നുമാണ് ഉയരുന്ന വിമർശനം. ഇതിന്റെ ഭാഗമായി വരും നാളുകളിൽ കാനഡയിലേക്കുള്ള വിദ്യാർഥി വിസകളിൽ നിയന്ത്രണം ഏർപ്പെടുത്തുമെന്ന തരത്തിലുള്ള വാർത്തകളും പുറത്ത് വന്നിരുന്നു. എന്നാൽ വിഷയത്തിൽ ഇതുവരെ ഔദ്യോഗിക പ്രഖ്യാപനങ്ങളൊന്നും വരാത്തത് മലയാളികളടക്കമുള്ള വിദേശികൾക്ക് ആശ്വാസം പകരുന്ന വാർത്തയാണ്. മാത്രമല്ല പ്രതിസന്ധിക്കിടയിലും കൂടുതൽ വിദേശികളെ രാജ്യത്തെത്തിക്കുമെന്നാണ് കാനഡയിപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്.ഇപ്പോഴിതാ കാനഡ അവതരിപ്പിച്ച താൽക്കാലിക വിദേശ തൊഴിലാളി വിസ (ടെംപററി ഫോറിൻ വർക്ക് വിസ പ്രോഗ്രാം) വഴി രാജ്യത്തെത്തുന്നവർ വലിയ പ്രതിസന്ധി നേരിടുന്നുണ്ടെന്ന വാർത്തയാണിപ്പോൾ പുറത്ത് വരുന്നത്. ഇത്തരം താൽക്കാലിക വിസകൾ വഴി കുടിയേറുന്നവർ തൊഴിലിടങ്ങളിൽ വലിയ തോതിലുള്ള ചൂഷണത്തിന് ഇടയാകുന്നുവെന്നാണ്



കണ്ടെത്തൽ. ടെംപററി വിസ പ്രോഗ്രാമുകൾ അടിമത്വത്തിന്റെ നാന്ദി കുറിക്കുന്നുവെന്നാണ് ഐക്യരാഷ്ട്ര സഭയിലെ മുതിർന്ന വിദഗ്ദൻ നൽകുന്ന മുന്നറിയിപ്പ്.

എന്താണ് പ്രതിസന്ധിക്ക് കാരണം?

താൽക്കാലിക വർക്ക് വിസകളിൽ കാനഡയിലെ കാർഷിക മേഖലയിൽ ജോലിക്കെത്തുന്നവർ വലിയ രീതിയിലുള്ള പ്രതിസന്ധി നേരിടുന്നുവെന്നാണ് റിപ്പോർട്ട്. ഒന്റാറിയോ പ്രവിശ്യയിലെ ജമൈക്കൻ കർഷകത്തൊഴിലാളികൾ തങ്ങൾക്ക് നേരിടേണ്ടി വരുന്ന ദുരനുഭവങ്ങൾ വ്യക്തമാക്കുന്ന വാർത്തകൾ പുറത്ത് വന്നതിന് പിന്നാലെയാണ് മുന്നറിയിപ്പുമായി യു.എൻ പ്രതിനിധി രംഗത്തെത്തിയത്. തങ്ങളെ കോവർകഴുതകളെ പോലെ പരിഗണിക്കുകയും വേണ്ടത്ര വേഗത്തിൽ പ്രവർത്തിക്കാത്തതിന് ശിക്ഷിക്കുകയും ചെയ്യുന്നുവെന്നാണ് കർഷക തൊഴിലാളികളുടെ ആരോപണം. ശരിയായ സുരക്ഷ മാർഗങ്ങൾ നൽകാതിരിക്കുകയും അപകടകരമായ കീടനാശിനികൾ ഉപയോഗിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നാണ് റിപ്പോർട്ട്.താൽക്കാലിക വിദേശ തൊഴിലാളി വിസകളിലെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് വിവിധ തൊഴിലാളി സംഘടനകൾ കനേഡിയൻ സർക്കാർ കാലങ്ങളായി ആവശ്യപ്പെടുന്നുണ്ട്. ഈ പദ്ധതികൾ തൊഴിലാളികളുടെ വ്യാപകമായ ദുരുപയോഗത്തിന് കാരണമാകുന്നുണ്ട്. ഓരോ വർഷവും 50,000നും 60,000നും ഇടയിൽ വിദേശ കർഷക തൊഴിലാളികൾ താൽക്കാലിക പെർമിറ്റുകളിൽ കാനഡയിലേക്ക് വരുന്നുണ്ട്. സീസണൽ അഗ്രികൾച്ചർ വർക്കർ പ്രോഗ്രാം എന്ന് അറിയപ്പെടുന്ന ഈ പദ്ധതിക്ക് കീഴിൽ താൽക്കാലിക കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ കനേഡിയൻ തൊഴിലുടമകളെ അനുവദിക്കുന്നുണ്ട്.ഇത്തരം വിസക്കാർക്ക് വർഷത്തിൽ എട്ട് മാസം വരെ ജോലി ലഭിക്കാനാണ് വ്യവസ്ഥ. എന്നാൽ പലപ്പോഴും തൊഴിലിടങ്ങൾ ഇവർ വലിയ രീതിയിലുള്ള ചൂഷണങ്ങൾ നേരിടേണ്ടി വരുന്നുണ്ടെന്നാണ് അൽജസീറ റിപ്പോർട്ട് ചെയ്തത്. സുരക്ഷിതമായ സ്ഥലങ്ങളിൽ ദീർഘ നേരം ജോലി ചെയ്യേണ്ടി വരികയും ഏതെങ്കിലും തരത്തിലുള്ള പരാതി ഉന്നയിച്ചാൽ ഇവരെ ഉടമകൾ ഇവരെ ഭീഷണിപ്പെടുത്തുകയുമാണ് ചെയ്യുന്നത്.അതേസമയം കുടിയേറ്റ തൊഴിലാളികൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി കനേഡിയൻ സർക്കാരും രംഗത്തുണ്ട്. തൊഴിലാളി ക്ഷേമ പദ്ധതികൾക്കായി 38.1 മില്ല്യൺ ഡോളറിന്റെ പദ്ധതിക്ക് സർക്കാർ രൂപം നൽകിയതായും അൽജസീറ റിപ്പോർട്ട് ചെയ്തു. കൂടാതെ വിദേശ തൊഴിലാളികൾക്കും അന്താരാഷ്ട്ര വിദ്യാർഥികൾക്കും സ്ഥിര താമസത്തിനുള്ള വഴികൾ പരിശോധിക്കുന്നതായും കനേഡിയൻ സർക്കാർ അറിയിച്ചിട്ടുണ്ട്.

# നാലു സീറ്റ് ജെഡിഎസിന്; ലോക്സഭാ തെരഞ്ഞെടുപ്പിൽ സഖ്യമുണ്ടാക്കുമെന്ന് യെഡിയൂരപ്പ

ബംഗളൂരു: ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനതാ ദൾ എസും ബിജെപിയും തമ്മിൽ ധാരണയുണ്ടാക്കുമെന്ന് മുതിർന്ന ബിജെപി നേതാവ് ബിഎസ് യെഡിയൂരപ്പ. കർണാടകയിലെ 28 മണ്ഡലങ്ങളിൽ ധാരണയനുസരിച്ച് നാലെണ്ണം ജെഡിഎസിനു നൽകുമെന്ന് യെഡിയൂരപ്പ അറിയിച്ചു.നാലു സീറ്റുകൾ ജെഡിഎസിനു നൽകാൻ അമിത് ഷാ സമ്മതം അറിയിച്ചിട്ടുണ്ട്. ജെഡിഎസ് ഒപ്പം വരുന്നത് ബിജെപിക്കു കരുത്തു പകരും. സംസ്ഥാനത്ത് 25-26 സീറ്റ് ഇരു പാർട്ടികളും ഒരുമിച്ചു നിന്നാൽ നേടാനാവുമെന്ന് യെഡിയൂരപ്പ പറഞ്ഞു.

ബിജെപിയും ജെഡിഎസും തമ്മിൽ സഖ്യത്തിനായി ചർച്ചകൾ നടക്കുന്നതായി നേരത്തെ റിപ്പോർട്ടുകൾ വന്നിരുന്നു. ഇതു സ്ഥിരീകരിക്കുന്നതാണ് യെഡിയൂരപ്പ

യുടെ വാക്കുകൾ. എന്നാൽ ഒറ്റയ്ക്കായിരിക്കും പാർട്ടി തെരഞ്ഞെടുപ്പിനെ നേരിടുകയെന്നാണ് ജെഡിഎസ് നേതാവും മുൻ പ്രധാനമന്ത്രിയുമായ എച്ച്ഡി ദേവെഗൗഡ അടുത്തിടെ പറഞ്ഞത്.



# ഗ്യാസ് ട്രബിളിന്"സ്വർണം കലർത്തിയ ആയുർവ്വേദ മരുന്ന്", ഡിആർഡിഒ ഉദ്യോഗസ്ഥന് നഷ്ടമായത് ലക്ഷങ്ങൾ

ബംഗളൂരു: ഗ്യാസ് സംബന്ധമായ അസുഖത്തിന് വ്യാജ ആയുർവ്വേദ മരുന്ന് നൽകി മുൻ ഡിആർഡിഒ ഉദ്യോഗസ്ഥനിൽ നിന്ന് ലക്ഷങ്ങൾ തട്ടിയെടുത്തതായി പരാതി. മൂന്ന് പേർ ചേർന്ന് 5.4ലക്ഷം രൂപ തട്ടിയെടുത്തെന്ന് കാണിച്ച് 67കാരനാണ് പൊലീസിൽ പരാതി നൽകിയത്.

ബംഗളൂരുവിലാണ് സംഭവം. രാജ്യത്തെ പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡിആർഡിഒയിൽ നിന്ന് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയി വിരമിച്ച ഉദ്യോഗസ്ഥനാണ് തട്ടിപ്പിന് ഇരയായത്. ഗ്യാസ് സംബന്ധമായ അസുഖത്തിന് മരുന്ന് വാങ്ങാൻ മെഡിക്കൽ സ്റ്റോറിൽ പോയ സമയത്താണ് തട്ടിപ്പുകാർ ആദ്യം തന്നെ സമീപിച്ചതെന്ന് പരാതിയിൽ പറയുന്നു. മെഡിക്കൽ സ്റ്റോറിൽ നിന്ന് ഗ്യാസിനുള്ള മരുന്ന് വാങ്ങുമ്പോൾ എന്തിന് ഈ മരുന്ന് വാങ്ങുന്നു എന്ന് ചോദിച്ചാണ് തട്ടിപ്പ് സംഘം ആദ്യം തന്റെ അടുത്തുവന്നത്. തന്റെ അച്ഛന് സമാനമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നും ആയുർവ്വേദ മരുന്ന് കഴിച്ചപ്പോൾ മാറിയെന്നും അയാൾ പറഞ്ഞു. തുടർന്ന് മൂന്നംഗ തട്ടിപ്പ് സംഘത്തിലെ ഒരാൾ ഒരു ഫോൺ നമ്പർ നൽകി. ഇതിൽ വിളിച്ചാൽ ഗ്യാസ് മാറുന്ന മരുന്ന് വിൽക്കുന്ന ആയുർവ്വേദ കടയിലേക്ക് കൂട്ടിക്കൊണ്ടുപോകുമെന്ന് അയാൾ പറഞ്ഞതായും 67കാരൻ പരാതിയിൽ പറയുന്നു.ഒരു ലിറ്റർ വെളിച്ചെണ്ണയുമായി ആയുർവ്വേദ മെഡിക്കൽ ഷോപ്പ് ഉടമയെ കാണാനാണ് പറഞ്ഞത്. ഇതനുസരിച്ച് തട്ടിപ്പുകാർ തന്നെ ആയുർവ്വേ സ്റ്റോറിലേക്ക് കൂട്ടിക്കൊണ്ടുപോയി.

അവിടെ വച്ച് വിവിധ രാസവസ്തുക്കൾ കലർത്തിയ ഒരു എണ്ണ തന്നു. ഗ്യാസിന്റെ അസുഖം മാറുമെന്ന് പറഞ്ഞാണ് മരുന്ന് നൽകിയത്. വയറ്റിൽ ഒന്നര മാസം പുരട്ടിയാൽ രോഗം ഭേദമാകുമെന്ന് പറഞ്ഞ അവർ 5.4 ലക്ഷം രൂപയുടെ ബിൽ തന്നു. ഇത് കണ്ട് താൻ ഞെട്ടിയതായും മുൻ ഡിആർഡിഒ ഉദ്യോഗസ്ഥൻ പറയുന്നു.

ബില്ലിനെ ചോദ്യം ചെയ്തപ്പോൾ സ്വർണം കലർത്തിയ മരുന്നാണ് എന്നായിരുന്നു അവരുടെ അവകാശവാദം. തുടർന്ന് 5.4 ലക്ഷം രൂപയുടെ രണ്ട് ചെക്കുകൾ കൈമാറി.ബില്ലിൽ മരുന്നിന് എന്തെങ്കിലും പാർശ്വഫലങ്ങൾ ഉണ്ടായാൽ പണം മടക്കി നൽകാം എന്ന് പറഞ്ഞിരുന്നു. മരുന്ന് താൻ മൂന്ന് ദിവസം ഉപയോഗിച്ചു. തുടർന്ന് തനിക്ക് അണുബാധ ഉണ്ടായതായും 67കാരന്റെ പരാതിയിൽ പറയുന്നു.

അണുബാധ ഉണ്ടായതിനെ തുടർന്ന് ഡോക്ടറെ കണ്ടപ്പോൾ ആയുർവ്വേദ മരുന്ന് പുരട്ടരുത് എന്ന് പറഞ്ഞു. ഇക്കാര്യം പറഞ്ഞ് തട്ടിപ്പുകാരെ വിളിച്ചപ്പോൾ രണ്ടുദിവസത്തിനകം പണം തിരികെ നൽകാമെന്ന് പറഞ്ഞു. രണ്ടു ദിവസത്തിന് ശേഷം ആയുർവ്വേദ മരുന്ന് നൽകിയ കടയിൽ പോയപ്പോൾ അടഞ്ഞുകിടക്കുന്നതാണ് കണ്ടത്. തട്ടിപ്പുകാരെ വിളിച്ചപ്പോൾ ഫോൺ സ്വിച്ച് ഓഫ് ആയിരുന്നുവെന്നും 67കാരൻ പറയുന്നു. 67കാരനെ പോലെ വെറെ ചിലരും തട്ടിപ്പിന് ഇരയായിട്ടുണ്ടെന്ന് പൊലീസ് പറയുന്നു. പ്രതികളെ പിടികൂടുന്നതിനുള്ള ശ്രമം തുടങ്ങിയതായും പൊലീസ് വ്യക്തമാക്കി.

# 9വർഷം ജനങ്ങൾക്ക് വേണ്ടി എന്തുചെയ്തു?, മോദിയെ കടന്നാക്രമിച്ച് ഉദയനിധി

ചെന്നൈ: സനാതന ധർമ്മ വിവാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയേയും ബിജെപിയേയും കടന്നാക്രമിച്ച് തമിഴ്നാട് മന്ത്രിയും ഡിഎംകെ നേതാവുമായ ഉദയനിധി സ്റ്റാലിൻ. താൻ നടത്തിയ പ്രസംഗം ബിജെപി വളച്ചൊടിച്ച് പ്രചാരണം നടത്തുകയാണെന്നും തനിക്കെതിരെ എടുത്ത എല്ലാ കേസുകളും നേരിടുമെന്നും അദ്ദേഹം പറഞ്ഞു. 'മണിപ്പൂർ കലാപത്തെക്കുറിച്ച് ഒന്നും മിണ്ടാതെ പ്രധാനമന്ത്രി നരേന്ദ്ര മോദി അദാനിക്കൊപ്പം ലോകം ചുറ്റി നടക്കുകയാണ്. കഴിഞ്ഞ 9 വർഷമായി നിങ്ങൾ നൽകിയതെല്ലാം പൊള്ളയായ വാഗ്ദാനങ്ങളാണ്.

ഞങ്ങളുടെ ക്ഷേമത്തിന് നിങ്ങൾ എന്താണ് ചെയ്തതെന്ന് ഫാസിസ്റ്റ് ബിജെപി സർക്കാരിനോട് രാജ്യമാകെ ഇപ്പോൾ ഒരേ സ്വരത്തിൽ ചോദിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഞാൻ നടത്തിയ പ്രസംഗം വംശഹത്യക്ക് ആഹ്വാനം ചെയ്തു എന്ന തരത്തിൽ ബിജെപി നേതാക്കൾ വളച്ചൊടിച്ചത്. അത് സ്വയം സംരക്ഷിക്കാനുള്ള ആയുധമായി അവർ കരുതുകയാണ്'- ഉദനിധി പറഞ്ഞു.



സനാതന ധർമ്മത്തിന് എതിരായ പരാമർശത്തിൽ വിമർശനം കടുപ്പിക്കാൻ ബിജെപി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നിർദേശം നൽകിയതിന് പിന്നാലെയാണ്, മോദിയെ കടന്നാക്രമിച്ച് ഉദയനിധി രംഗത്തെത്തിയത്. വളച്ചൊടിച്ച വാർത്തയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും ബിജെപി മുഖ്യമന്ത്രിമാരും തനിക്കെതിരെ നടപടി ആവശ്യപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു.

അപവാദം പ്രചരിപ്പിച്ചതിന് അവർക്കെതിരെ ക്രിമിനൽ കേസുകൾ നൽകേണ്ടത് താനായിരുന്നു. പക്ഷേ, ഇതവർ പിടിച്ചുനിൽക്കാൻ വേണ്ടി ചെയ്യുന്നതാണെന്ന് തനിക്കറിയാം. 'നമ്മൾ ഒരു മതത്തിന്റെയും ശത്രുക്കൾ അല്ലെന്ന് എല്ലാവർക്കും അറിയാം. ഒരു മതം ആളുകളെ സമത്വത്തിലേക്ക് നയിക്കുകയും അവരെ സാഹോദര്യം പഠിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ, ഞാനും ഒരു ആത്മീയവാദിയാണ്. ഒരു മതം ജനങ്ങളെ ജാതിയുടെ പേരിൽ വിഭജിക്കുന്നുവെങ്കിൽ, അത് അവരെ തൊട്ടുകൂടായ്മയും അടിമത്തവും പഠിപ്പിക്കുന്നുവെങ്കിൽ, ആ മതത്തെ ആദ്യം എതിർക്കുന്ന വ്യക്തി ഞാനായിരിക്കും'- അണ്ണാദുരൈയെ ഉദ്ധരിച്ച് ഉദയനിധി പറഞ്ഞു.

പക്ഷേ ഇവയെക്കുറിച്ചൊന്നും ഒരു ചെറിയ ധാരണപോലുമില്ലാത്ത മോദിയും കമ്പനിയും പാർലമെന്റ് തെരഞ്ഞെടുപ്പിനെ നേരിടാൻ അപവാദ പ്രചാരണങ്ങളെ ആശ്രയിക്കുകയാണ്. നോട്ട് നിരോധനവും കുടിലുകൾ മതിൽകെട്ടി മറച്ചതും പുതിയ പാർലമെന്റ് നിർമ്മിച്ച് ചെങ്കോൽ കൊണ്ടുവച്ചതും രാജ്യത്തിന്റെ പേര് മാറ്റി കളിക്കുന്നതുമല്ലാതെ നരേന്ദ്ര മോദി കഴിഞ്ഞ 9 വർഷത്തനിടെ ഒന്നും ചെയ്തിട്ടില്ല. ഡിഎംകെ സർക്കാർ ചെയ്യുന്നതുപോലെ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് ഏതെങ്കിലും പുരോഗമനപരമായ പദ്ധതികൾ വന്നിട്ടുണ്ടോ? മണിപ്പൂരിനെക്കുറിച്ചുള്ള ചോദ്യങ്ങളെ ഭയന്ന് മോദി അദാനിക്കൊപ്പം ലോകം ചുറ്റിനടക്കുകയാണ്. മണിപ്പൂരിൽ 250പേർ കൊല്ലപ്പെട്ട കലാപത്തിൽ നിന്ന് ശ്രദ്ധ തിരിക്കാനായി സനാതന ധർമ്മ വിവാദം മോദിയും കമ്പനിയും ഉപയോഗിക്കുകയാണ്- അദ്ദേഹം പറഞ്ഞു.



ഇന്ത്യ- ഇറാഖ് പോരാട്ടത്തിൽ നിന്ന്

## കിങ്സ് കപ്പ്; ഇറാഖിനു മുമ്പിൽ പൊരുതി വീണ് ഇന്ത്യ

ബാങ്കോക്ക്: കിങ്സ് കപ്പ് ഫുട്ബോൾ ടൂർണമെന്റിൽ കരുത്തരായ ഇറാഖിനോട് പൊരുതിക്കീഴടങ്ങി ഇന്ത്യ. പെനാൽറ്റി ഷൂട്ടൗട്ടിലാണ് (54) ഇറാഖിന്റെ ജയം.

നിശ്ചിത സമയത്ത് ഇരു ടീമുകളും രണ്ടു ഗോൾ വീതം അടിച്ചതോടെയാണ് കളി പെനാൽറ്റി ഷൂട്ടൗട്ടിലേക്ക് നീണ്ടത്. ഷൂട്ടൗട്ടിൽ ഇന്ത്യക്കായി ആദ്യ കിക്കെടുത്ത ബ്രാൻഡൺ ഫെർണാണ്ടസിന്റെ കിക്ക് പോസ്റ്റിലിടിച്ച് പുറത്തു പോയതാണ് ഇന്ത്യക്ക് വിനയായത്.

ഇറാഖ് അഞ്ചു കിക്കുകളും ലക്ഷ്യത്തിലെത്തിച്ചു. ഇറാഖിന്റെ ആക്രമണങ്ങൾക്കിടെ 16-ാം മിനിറ്റിൽ നയോറം മഹേഷിലൂടെ ഇന്ത്യയാണ് ആദ്യം ലീഡ് നേടിയത്. മികച്ച ടീം ഗെയിമിനൊടുവിൽ മലയാളി താരം സഹൽ അബ്ദുൽ സമദ് നൽകിയ നൽകിയ പാസിൽ നിന്നാണ് മഹേഷ് ഗോൾ കണ്ടെത്തിയത്.

28-ാം മിനിറ്റിൽ പെനാൽറ്റി ലക്ഷ്യത്തിലെത്തിച്ച് അൽ ഹമദി ഇറാഖിനെ ഒപ്പമെത്തിച്ചു. ബോക്സിൽ പന്ത് കൈകൊണ്ട് തൊട്ടതിന് ഡിഫൻഡർ സന്ദേശ് ജിങ്കന് മഞ്ഞക്കാർഡും കിട്ടി. ആദ്യ പകുതി അവസാനിക്കുമ്പോൾ 1-1 എന്ന നിലയിലായിരുന്നു സ്കോർ. രണ്ടാം പകുതിയുടെ തുടക്കത്തിൽ തന്നെ ഇന്ത്യ ലീഡ് നേടി. ഇറാഖ് ഗോൾകീപ്പറു പിഴവിൽ നിന്നായിരുന്നു ഗോൾ.

എന്നാൽ രണ്ടാമത് ലഭിച്ച പെനാൽറ്റിയും ലക്ഷ്യത്തിലെത്തിച്ച് ഇറാഖ് വീണ്ടും ഒപ്പമെത്തി. അവസാന മിനിറ്റുകളിൽ ഇറാഖ് ആക്രമണം കടുപ്പിച്ചെങ്കിലും ഇന്ത്യൻ പ്രതിരോധം ഉലയാതെ നിന്നു.

ഇഞ്ചുറി ടൈമിൽ റഹീം അലിയെ അപകടകരമായ രീതിയിൽ ഫൗൾ ചെയ്തതിന് സിദാൻ ഇഖ്ബാൽ ചുവപ്പുകാർഡ് കണ്ടു പുറത്തുപോയി. ജയത്തോടെ ഇറാഖ് ടൂർണമെന്റിന്റെ ഫൈനലിൽ പ്രവേശിച്ചു.

## യുഎസ് ഓപ്പൺ; ബൊപ്പണ്ണ സഖ്യം ഫൈനലിൽ, റെക്കോഡ്

ന്യൂയോർക്ക്: പതിമൂന്ന് വർഷത്തിന് ശേഷം ഇന്ത്യൻ താരം രോഹൻ ബൊപ്പണ്ണ യു.എസ്. ഓപ്പൺ പുരുഷഡബിൾസിന്റെ കിരീടപോരാട്ടത്തിന് ഇറങ്ങും. ബൊപ്പണ്ണയും ഓസ്ട്രേലിയയുടെ മാത്യു എബ്ഡെനും അടങ്ങിയ സഖ്യം ഫൈനലിൽ കടന്നു. സെമിയിൽ അഞ്ച് ഗ്രാൻസ്ലാം നേടിയിട്ടുള്ള ഫ്രഞ്ച് താരങ്ങളായ നിക്കോളാസ് മഹുത്ത്-പിയറെ ഹെർബർട്ട് സഖ്യത്തെ തോൽപ്പിച്ചാണ് മുന്നേറിയത് (76,62).ഓപ്പൺ യുഗത്തിൽ ഗ്രാൻസ്ലാം ഫൈനലിലെത്തുന്ന പ്രായം കൂടിയ താരമെന്ന റെക്കോഡും ബൊപ്പണ്ണക്ക് സ്വന്തമായി. 43 വർഷവും ആറ് മാസവുമാണ് ഇന്ത്യൻ താരത്തിന്റെ പ്രായം. 43 വർഷവും നാല് മാസവുമുള്ളപ്പോൾ ഫൈനലിലെത്തിയ കാനഡയുടെ ഡാനിയേൽ നെസ്റ്ററുടെ റെക്കോഡാണ് മറികടന്നത്.2010-ലാണ് ഇതിന് മുമ്പ് ബൊപ്പണ്ണ ഫൈനലിൽ കളിച്ചത്. പാകിസ്താൻ താരം ഐസം ഖുറേഷിയുമൊത്തുള്ള സഖ്യം ഫൈനലിൽ ദക്ഷിണാഫ്രിക്കയുടെ വെസ്ലി മൂഡി-ബെൽജിയത്തിന്റെ ഡിക്ക് നോമാൻ സഖ്യത്തോട് കീഴടങ്ങുകയായിരുന്നു.രണ്ടാം ഗ്രാൻസ്ലാം കിരീടമാണ് 43-കാരനായ രോഹൻ ലക്ഷ്യമിടുന്നത്. 2017-ൽ ഗബ്രിയേല ഡബ്രോവ്സ്കിക്കൊപ്പം ഫ്രഞ്ച് ഓപ്പൺ മിക്സഡ് ഡബിൾസ് കിരീടം നേടിയിട്ടുണ്ട്. സെമിയിൽ ഫ്രഞ്ച് സഖ്യത്തിൽ നിന്ന് ആദ്യ സെറ്റിൽ മാത്രമാണ് വെല്ലുവിളി ഉയർന്നത്. ടൈബ്രേക്കറിലേക്ക് കളി നീട്ടാൻ എതിരാളികൾക്കായി. എന്നാൽ രണ്ടാം സെറ്റിൽ ബൊപ്പണ്ണ-എബ്ഡെൻ സഖ്യം മാരകഫോമിലേക്കുയർന്നതോടെ സെറ്റും മത്സരവും അനായാസം സ്വന്തമായി.

### അൽക്കരാസ് സെമിയിൽ

യു.എസ്. ഓപ്പൺ ടെന്നീസ് പുരുഷ വിഭാഗം സെമിഫൈനലിൽ ഒന്നാം സീഡും നിലവിലെ ചാമ്പ്യനുമായ കാർലോസ് അൽക്കരാസ് മൂന്നാം സീഡ് ഡാനിൽ മെദ്വദേവിനെ നേരിടും. മുൻചാമ്പ്യൻ നൊവാക് ജോക്കോവിച്ചിന് ബെൻ ഷെൽട്ടനാണ് എതിരാളി.വനിതകളിൽ ആറാം സീഡ് കൊക്കോഗാഫ് കരോളിന മുക്കോവയെയും രണ്ടാം സീഡ് ആര്യാന സബലെങ്ക 11-ാം സീഡ് മാഡിസൺ കീസിനെയും നേരിടും.സ്പാനിഷ് താരം അൽക്കരാസ് ജർമനിയുടെ അലക്സാണ്ടർ സ്വരേവിനെ നേരിട്ടുള്ള സെറ്റുകളിൽ കീഴടക്കി (63, 62, 64). റഷ്യൻ താരം മെദ്വദേവ് നാട്ടുകാരനായ ആന്ദ്രെ റുബ്ലേവിനെ കീഴടക്കി (64, 63, 64)യാണ് സെമിയിലെത്തിയത്.വനിതകളിൽ അമേരിക്കയുടെ മാഡിസൻ കീസ് ഒമ്പതാം സീഡ് ചെക്ക് റിപ്പബ്ലിക്കിന്റെ മാർകെറ്റ വോൻഡ്രൗസോവയെ കീഴടക്കി.


വായിക്കുക...
വരിക്കാരാവുക...

സത്യത്തിൻസാക്ഷി ധർമ്മത്തിൽ പാതയിൽ
പീപ്പിൾസ് റിവ്യൂ
Estd : 2007
email: peoplesreviewdaily@gmail.com ദിനപത്രം

പ്രവാസത്തിന് പുതിയ അർത്ഥതലങ്ങൾ....
പ്രവാസി റിവ്യൂ
മാഗസിൻ
email: pravasireviewmagazine@gmail.com

മഹിളാവീഥി
മാഗസിൻ

www.peoplesreview.co.in
Peoples Review

P.B. No. 15, Limra Tower, Panikkar Road, Kozhikod - 673001
Ph: 0495 2769086, 9037319971, 8547369086


# മെസി തുടങ്ങി; ഇക്വഡോറിനെ പരാജയപ്പെടുത്തി അർജന്റീന

ബ്യൂണസ് ഐറീസ്: 2026 ഫിഫ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഇക്വഡോറിനെ പരാജയപ്പെടുത്തി അർജന്റീന. ഖത്തർ ലോകകപ്പ് ഫൈനലിൽ നിർത്തിയേടത്തുനിന്ന് തുടങ്ങിയ ലയണൽ മെസിയാണ് യോഗ്യതാമത്സരത്തിൽ ടീമിന്റെ ആദ്യ ഗോൾ നേടിയത്. 78-ാം മിനിറ്റിൽ കണ്ണഞ്ചിക്കുന്ന ഫ്രീകിക്കിലൂടെയാണ് മെസി ഗോൾ നേടിയത്. ഇടതുകാൽ കൊണ്ട് തൊടുത്തുവിട്ട ഫ്രീകിക്കിന് മുന്നിൽ നോക്കിനിൽക്കാനെ ഗോളിക്ക് സാധിച്ചുള്ളൂ.പ്രതിരോധത്തിന്റെ സകല പാഠങ്ങളും പുറത്തെടുത്തിട്ടും മെസിയെ പിടിച്ചുകെട്ടാൻ ഇക്വഡോറിന് കഴിഞ്ഞില്ല. ഇക്വഡോറിനെ ഏകപക്ഷീയമായ ഒരു ഗോളിനാണ് അർജന്റീന കീഴടക്കിയത്. കളിയിൽ വ്യക്തമായ മേധാവിത്വം നേടിയ അർജന്റീനക്കെതിരെ പ്രതിരോധം തീർത്ത് പൊരുതാനാണ് ഇക്വഡോർ ശ്രമിച്ചത്. ആദ്യപകുതിയിൽ 71 ശതമാനം സമയവും പന്തിന്റെ നിയന്ത്രണം മെസിയുടെയും കൂട്ടുകാരുടെയും പാദങ്ങളിലായിരുന്നു. ഇടതടവില്ലാതെ ആതിഥേയർ എതിർ ഗോൾമുഖം ലക്ഷ്യമാക്കി പന്തുകൾ തൊടുത്തുവിട്ടെങ്കിലും ഇക്വഡോറിന്റെ പ്രതിരോധനിര ലോക ചാമ്പ്യന്മാരുടെ നീക്കങ്ങളെ ഒട്ടുമുക്കാൽ നേരവും പിടിച്ചുകെട്ടി. പരുക്കനടവുകൾ മത്സരത്തിലുടനീളം നിറഞ്ഞു.



ഇക്വഡോറിനെതിരെയുള്ള ഗോൾനേട്ടം ആഘോഷിക്കുന്ന മെസി

# അഞ്ചിലഞ്ചും ജയിച്ച് ഫ്രാൻസ്; ഗ്രീസിൽ വഴുതാതെ നെതർലാൻഡ്സ്

പാരിസ്: അയർലൻഡിനെ എതിരില്ലാത്ത രണ്ട് ഗോളിന് തോൽപിച്ച് ഫ്രാൻസ് യൂറോ കപ്പ് യോഗ്യതക്കരികെ. ഇരുപകുതികളിലുമായി ഒറിലിയൻ ഷുവാമെനിയും മാർകസ് തുറാമും നേടിയ ഗോളുകളാണ് ഫ്രാൻസിന് ജയം സമ്മാനിച്ചത്. 19ാം മിനിറ്റിൽ സൂപ്പർ താരം കിലിയൻ എംബാപ്പെയുടെ മനോഹര അസിസ്റ്റിലാണ് റയൽ മാഡ്രിഡ് മിഡ്ഫീൽഡർ ഷുവാമെനി അക്കൗണ്ട് തുറന്നത്. 39ാം മിനിറ്റിൽ എംബാപ്പെ വലകുലുക്കിയെങ്കിലും ഓഫ്സൈഡ് കെണിയിൽ കുരുങ്ങി. 48ാം മിനിറ്റിൽ ബോക്സിലുണ്ടായ കൂട്ടപ്പൊരിച്ചിലിൽ പകരക്കാരനായിറങ്ങിയ മാർകസ് തുറാമും ലക്ഷ്യം കണ്ടതോടെ ഫ്രാൻസ് പട്ടിക പൂർത്തിയാക്കി. കണങ്കാലിന് പരിക്കേറ്റ ഒലിവർ ജിറൂഡിന് പകരമിറങ്ങിയ ഒസ്മാനെ ഡെംബലെയുടെ ഷോട്ട് പോസ്റ്റിലിടിച്ച് മടങ്ങിയത് അയർലൻഡിന്റെ തോൽവിഭാരം കുറച്ചു.ഗ്രൂപ്പ് 'ബി'യിലെ മറ്റൊരു മത്സരത്തിൽ നെതർലാൻസ്സ് ഗ്രീസിനെ എതിരില്ലാത്ത മൂന്ന് ഗോളിന് തകർത്തു. പതിനേഴാം മിനിറ്റിൽ മാർട്ടിൻ ഡി റൂണിലൂടെ ഗോൾവേട്ട തുടങ്ങിയ അവർക്കായി 31ാം മിനിറ്റിൽ കോഡി ഗാപ്കോയും എട്ട് മിനിറ്റിന് ശേഷം വൗട്ട് വെഗോസ്റ്റും വല കുലുക്കി. ഡെൻസൽ ഡംഫ്രിസ് ആയിരുന്നു രണ്ടും മൂന്നും ഗോളുകൾക്ക് വഴിയൊരുക്കിയത്.കളിച്ച അഞ്ചു മത്സരങ്ങളും ജയിച്ച ഫ്രാൻസിന് ഇതോടെ 15 പോയന്റായി. രണ്ടും മൂന്നും സ്ഥാനത്തുള്ള നെതർലൻഡ്സിനും ഗ്രീസിനും ആറ് പോയന്റ് വീതമാണുള്ളത്. നാലിൽ മൂന്ന് കളികളും തോറ്റ് മൂന്ന് പോയന്റ് മാത്രമുള്ള അയർലൻഡിന് നേരിയ സാധ്യതയെങ്കിലും നിലനിൽക്കാൻ അടുത്ത മത്സരത്തിൽ നെതർലൻഡ്സിനെ തോൽപിക്കൽ അനിവാര്യമാണ്. കളിച്ച നാല് മത്സരങ്ങളും തോറ്റ ജിബ്രാൾട്ടറാണ് ഗ്രൂപ്പിലെ മറ്റൊരു ടീം.ഗ്രൂപ്പ് 'ഇ'യിൽ സൂപ്പർ താരം റോബർട്ട് ലെവൻഡോസ്കിയുടെ ഇരട്ട ഗോളിൽ പോളണ്ട് ഫറോ ഐലൻഡിനെ എതിരില്ലാത്ത രണ്ട് ഗോളിന് തോൽപിച്ചു. 73ാം മിനിറ്റിൽ പെനാൽറ്റിയിലൂടെ ആദ്യ ഗോൾ നേടിയ ലെവൻഡോസ്കി കളി തീരാൻ ഏഴ് മിനിറ്റ് ശേഷിക്കെ പട്ടിക പൂർത്തിയാക്കി. ആറ് പോയന്റുമായി ഗ്രൂപ് ഇയിൽ മൂന്നാമതാണ് പോളണ്ട്. ചെക്ക് റിപ്പബ്ലിക്കും അൽബേനിയയുമാണ് ഒന്നും രണ്ടും സ്ഥാനത്ത്.



ഗോൾ നേട്ടം ആഘോഷിക്കുന്ന ഫ്രാൻസ് ടീം

# ഇന്ത്യയുടെ കോച്ച് ആകുമോ? താത്പര്യം ഇല്ലെന്നു ആശിഷ് നെഹ്റ

മുംബൈ: ഇന്ത്യയുടെ മുഖ്യ പരിശീലക സ്ഥാനത്തു നിന്നു ഈ നവംബറോടെ രാഹുൽ ദ്രാവിഡ് പടിയിറങ്ങാനിരിക്കെ ക്രിക്കറ്റ് ലോകത്ത് പുതിയ ചർച്ചകൾ ഉയരുന്നു. ആരായാരിക്കും അടുത്ത ഇന്ത്യൻ പരിശീലകൻ എന്ന ചൂടുപിടിച്ച ചർച്ചകൾക്കാണ് ഇപ്പോൾ തുടക്കമിട്ടിരിക്കുന്നത്. മുൻ ഇന്ത്യൻ പേസറും ഐപിഎല്ലിൽ ഗുജറാത്ത് ടൈറ്റൻസിന്റെ കോച്ചുമായി ആശിഷ് നെഹ്റയുടെ പേരാണ് ഈ ചർച്ചകളിൽ നിറയുന്നത്. നെഹ്റയെ ഇന്ത്യയുടെ ടി20 ടീം പരിശീലകനെങ്കിലും ആക്കണമെന്നു മുൻ താരം ഹർഭജൻ സിങ് ഈയടുത്തു അഭിപ്രായം പറയുകയും ചെയ്തു. എന്നാൽ ഈ റോളിലേക്ക് തനിക്ക് തത്പര്യമില്ലെന്ന നിലപാടിലാണ് നെഹ്റ നിൽക്കുന്നത്. ഐപിഎല്ലിൽ തങ്ങളുടെ കന്നി സീസണിൽ തന്നെ ഗുജറാത്ത് ടൈറ്റൻസിനെ കിരീടത്തിലേക്ക് നയിച്ച് ക്രിക്കറ്റ് ലോകത്തെ അമ്പരപ്പിച്ച പരിശീലകനാണ് നെഹ്റ. മാത്രമല്ല തുടർച്ചയായി രണ്ടാം തവണയും ടീമിനെ ഫൈനൽ വരെ എത്തിക്കാൻ നെഹ്റയുടെ തന്ത്രങ്ങൾക്ക് സാധിച്ചു.



നിലവിൽ ടീം രണ്ടാം സ്ഥാനത്താണ്. ഇത്തവണയും അവർ ഫൈനലിലെത്തിയെങ്കിലും ചെന്നൈ സൂപ്പർ കിങ്സിനോടു പരാജയപ്പെട്ടു.

ഗുജറാത്ത് ടൈറ്റൻസിൽ തന്നെ തുടരാനാണ് നെഹ്റ താത്പര്യപ്പെടുന്നതെന്നു അദ്ദേഹത്തോടടുത്ത വൃത്തങ്ങൾ സൂചിപ്പിച്ചു. നിലവിൽ അദ്ദേഹത്തിന്റെ കരാർ 2025 വരെയുണ്ട്. ദ്രാവിഡിന്റെ കാലാവധി ഈ ലോകകപ്പോടെ അവസാനിക്കും. പിന്നാലെ പുതിയ കോച്ചിനെ തിരഞ്ഞെടുക്കണം. 2021ൽ രവി ശാസ്ത്രിയുടെ പകരക്കാരനായാണ് ദ്രാവിഡ് ഇന്ത്യയുടെ മുഖ്യ കോച്ചായത്. 2021ലെ ടി20 ലോകകപ്പിന്റെ ഗ്രൂപ്പ് സ്റ്റേജിൽ തന്നെ ഇന്ത്യ പുറത്തായിരുന്നു. പിന്നാലെയാണ് ശാസ്ത്രിയുടെ കസേര തെറിച്ചത്.

അതേസമയം വൈറ്റ് ബോൾ, റെഡ് ബോൾ പോരാട്ടങ്ങൾക്കായി വ്യത്യസ്ത പരിശീലകരെ കൊണ്ടു വരാനുള്ള നീക്കവും ഇന്ത്യ നടത്തിയേക്കും. നിലവിൽ വെസ്റ്റ് ഇൻഡീസ്, ഇംഗ്ലണ്ട് അടക്കമുള്ള ടീമുകളെല്ലാം ഇത്തരത്തിൽ രണ്ട് പരിശീലകരെ വച്ചാണ് ടീമുകളെ സജ്ജീകരിക്കുന്നത്.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.